# നവയുഗത്തിന്
# പ്രാർത്ഥനാനിർഭരം

# നവയുഗത്തിന് പ്രാർത്ഥനാനിർഭരം

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ

## ലണ്ടൻ പ്രഭാഷണം

വിവ: മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

പ്രസാധകർ:

ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള

ഫോർട്ട് റോഡ്, കണ്ണൂർ

**Navayugathinu Prarthananirbharam**
(Malayalam, Original Urdu)

Author :
Hadrath Mirza Masroor Ahmad (Ayyadhahu)

Translated :
Muhammad Ismail Alleppey

Printed at:
BRB Offset Printers, Thavakkara, Kannur- 17


Published by :
Islam International Publications, Kerala

Copies: 1000

Ist Edition :

Price: 20/-

IIPK/ 16



**അമീറുൽ മുഅ്മിനീൻ**

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

# പ്രസാധകക്കുറിപ്പ്

'**നവയുഗത്തിന് പ്രാർത്ഥനാനിർഭരം**' എന്ന ഈ പുസ്തകം സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബി നസ്‌രിഹിൽ അസീസ് 29.7.07-ന് യു.കെ. വാർഷിക സമ്മേളനത്തിൽ ചെയ്ത സമാപന പ്രസംഗത്തിന്റെ മലയാള വിവർത്തനമാണ്. വളരെ മുമ്പേ ഈ കൃതി ഇറങ്ങേണ്ടതായിരുന്നുവെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോഴാണ് ഇത് വെളിച്ചം കണ്ടത്. ഇതിൽ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1907-ൽ നടന്ന വാർഷിക ജൽസയിൽ ചെയ്ത ഒരു പ്രഭാഷണത്തെ ആസ്പദമാക്കിയാണ് ഹുസൂർ കാര്യങ്ങൾ വിവരിച്ചിട്ടുള്ളത്. അവസാന ഭാഗത്ത് ഖിലാഫത്ത് ശത വാർഷിക ജൂബിലിയോടനുബന്ധിച്ച്, പുതിയ നൂറ്റാണ്ടിനെ എങ്ങനെ സ്വാഗതം ചെയ്യണമെന്ന് വിശദീകരിച്ചിരിക്കുന്നു. ഓരോ അഹ്മദിയും ഈ ഗ്രന്ഥം അവശ്യം വായിച്ചിരിക്കേണ്ടതാണ്. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബാണ് ഇത് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തിട്ടുള്ളത്. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ മാന്യ വായനക്കാരുടെ കൈയിൽ ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

സദ്ർ
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്,
കേരള

بسم الله الرحمن الرحيم

# നവയുഗത്തിന് പ്രാർത്ഥനാ നിർഭരം

**ഹ**ദ്റത്ത് മസീഹ് മൗഊദ്(അ) 1907-ൽ നടന്ന ജൽസ സാലാനയിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളെ പരാമർശിച്ചുതന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രഭാഷണം രണ്ട് ദിവസമായി ട്ടാണ് നടന്നത്. അത് മുഴുവനും പ്രതിപാദിക്കുക എന്നത് സാധ്യമല്ലാത്തതുകൊണ്ട് ഞാൻ അതിലെ അല്പം ചില കാര്യ ങ്ങൾ പറയുന്നതാണ്. ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ ആ മഹാത്മാവ് പറഞ്ഞ മുഴുവൻ സംഗതികളേയും പൂർണ്ണ മായും വലയം ചെയ്യുന്നില്ല. അത് അറിവിന്റേയും ഈശ്വരീയ ജ്ഞാനത്തിന്റേയും ഖജനാവാണ്. ആ മഹാത്മാവ് അത് തുറന്ന് നമ്മുടെ മുമ്പിൽവെച്ചുതന്നിരിക്കുന്നു. എന്തായാലും ആ മഹത്തായ ഖജനാവിൽനിന്ന് അനുഗ്രഹംപറ്റാനും ആ മഹാ ത്മാവിന്റെ ജമാഅത്തിൽ അംഗങ്ങളാകാനും നമുക്ക് സൗഭാഗ്യം ലഭിച്ചുവെന്നത് അല്ലാഹുവിന്റെ അപാരമായ ഔദാ ര്യമാണ്. അതുകൊണ്ട് നമ്മളും നമ്മുടെ സന്താനങ്ങളും ഹൃദയഭക്തിയിൽ നിലനിന്നുകൊണ്ട് പരിശുദ്ധഹൃദയത്തോടെ ആ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരാനും ഏതൊരു പ്രത്യാശകളോടുകൂടിയാണോ അല്ലാഹു ആ മഹാ ത്മാവിനെ അയച്ചിട്ടുള്ളത് അതിലേക്ക് പൂർണ്ണമായും ഇറങ്ങി

ച്ചെല്ലാനും വേണ്ടി ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്.

ആ മഹാത്മാവ് ഒരിടത്ത് പറയുന്നു: "സത്യസന്ധതയുടേയും സത്യവിശ്വാസത്തിന്റേയും കാലം വീണ്ടും വരുന്നതിനും മനസ്സുകളിൽ ദൈവഭക്തി ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഇതുതന്നെയാണ് എന്റെ ആഗമനത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം. എന്നോട് പറയപ്പെട്ടു: "ഒരുപാട് അകന്നുപോയിക്കഴിഞ്ഞതിനുശേഷം ഇപ്പോൾ ആകാശം ഭൂമിയോട് വീണ്ടും അടുക്കുന്നതാണ്." ഇതിൽ ആ മഹാത്മാവ് തന്റെ വരവിന്റെ ഉദ്ദേശ്യം സത്യതയുടേയും സത്യവിശ്വാസത്തിന്റേയും കാലഘട്ടം വീണ്ടും വരികയെന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഈ സത്യസന്ധതയുടേയും സത്യവിശ്വാസത്തിന്റേയും കാലഘട്ടം ആ മഹാത്മാവിന്റെ ജീവിതാന്ത്യംവരെമാത്രം പരിമിതമായിരുന്നുവോ? സത്യവിശ്വാസത്തെ കാർത്തികനക്ഷത്രത്തിൽനിന്ന് തിരിച്ചുകൊണ്ടുവരിക എന്ന കൃത്യം ആ മഹാത്മാവിന്റെ ആയുസ്സ് കാലത്തേക്കുമാത്രം പരിമിതമായിരുന്നുവോ? അല്ല. മറിച്ച്, തന്റെ മസീഹിന്റേയും മഹ്ദിയുടേയും കാലഘട്ടം ഖിയാമത്തുന്നാൾവരെ ആയിരിക്കുമെന്ന് നബി(സ) പ്രവചിച്ചിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനവും അതിനുണ്ട്. ഖാത്തമുൽ ഖുലഫാഅ് ആയ ആ മസീഹ് മഹ്ദിയ്ക്കുശേഷം ***ഖിലാഫത്ത് അലാ മിൻ ഹാജിന്നുബുവ്വത്ത്*** നുബുവ്വത്തിന്റെ പാതയിലൂന്നിയ ഖിലാഫത്ത് സ്ഥാപിതമാകും. അത് താൽക്കാലികമല്ല. പ്രത്യുത, ഖിയാമത്തുന്നാൾവരെ അതിന്റെ പരമ്പര നിലനില്ക്കുന്നതാണ്. മസീഹ് മഹ്ദി തിരിച്ചുകൊണ്ടുവരണമെന്ന് വിധിക്കപ്പെട്ട ആ സത്യവിശ്വാസം തീർച്ചയായും അല്ലാഹുവിന്റെ സഹായവും രക്ഷണവും കൊണ്ടുമാത്രമേ ശുഭകരമായി പര്യവസാനിക്കുകയുള്ളൂ. അത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് അല്ലാഹു വാഗ്ദാനം ചെയ്തതാണ്. പലപ്പോഴും ആ മഹാത്മാവിന് ***ഇന്നീ മഅർറസൂലി അഖൂമു*** എന്ന് വെളിപാടുണ്ടായിട്ടുണ്ട്; ഞാൻ എന്റെ ദൂതനോടൊപ്പം നില്ക്കുന്നതാണ്. അതായത് ആ സത്യവിശ്വാസം തിരിച്ചെത്തിയതിനു

ശേഷം ഇവിടെ നിലനില്ക്കുന്നതാണ്. തന്റെ മസീഹിനോട് അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് അത് നിലനില്ക്കുക തന്നെ ചെയ്യും. ഇൻശാഅല്ലാഹ്. ഖിലാഫത്തുമായി ബന്ധപ്പെട്ട്, അഹ്മദിയ്യാ ജമാഅത്ത് ഈ സത്യവിശ്വാസത്തെ കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനെ നിലനിറുത്തുകയും വേണ്ടതുണ്ട്. പക്ഷേ, ആ സത്യവിശ്വാസത്തിന്റെ നിലനില്പ്, ഹൃദയത്തിൽ തഖ്‌വ നിറഞ്ഞിരിക്കുന്നവരുമായിട്ടാണ് വിധിക്കപ്പെട്ടിട്ടുള്ളത്. അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻവേണ്ടി ശ്രമിക്കുന്നതാണ്. അവർതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പ്രിയപ്പെട്ടവർ. അവരെക്കുറിച്ച് അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞു. "ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവുമാണ്".

അദ്ദേഹത്തിനുശേഷം അദ്ദേഹത്തെ വിശ്വസിക്കുന്നവരേയും അദ്ദേഹത്തിന്റെ അധ്യാപനമനുസരിച്ച് ജീവിക്കുന്നവരേയും വിശ്വാസത്തെ കാത്തുസൂക്ഷിക്കുന്നവരേയും അല്ലാഹു സഹായിക്കുന്നതാണ്. പക്ഷേ, ജീവനുള്ള ദൈവവുമായി ബന്ധം സ്ഥാപിക്കേണ്ടരീതികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മെ പഠിപ്പിച്ചതനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടു മാത്രമേ, ആകാശം ഭൂമിയുടെ അടുത്തുവരികയുള്ളൂ. അപ്പോൾ നമ്മുടെ പ്രാർത്ഥന നമ്മുടെ അല്ലാഹു കേൾക്കുകയും തന്റെ വാഗ്ദാനമനുസരിച്ച് തന്റെ മസീഹ് മഹ്ദിയെ വിശ്വസിക്കുന്നവർക്ക് ഇക്കാലത്ത് അല്ലാഹു ചെയ്തുകൊടുക്കുന്ന അനുഗ്രഹത്തിന്റെ ദൃശ്യങ്ങൾ വന്നുകാണുക എന്ന് പറഞ്ഞ് ലോകരെ ക്ഷണിക്കുകയും ചെയ്യാൻ നമുക്ക് കഴിയും. അഹ്മദിയ്യാ ജമാഅത്തിനുമേൽ അനുഗ്രഹങ്ങളുംകൊണ്ടാണ് ഓരോ ദിവസവും ഉദിച്ചുയരുന്നതെന്നും ആകാശം ഭൂമിയോടടുത്തുവരുന്ന ദൃശ്യങ്ങൾ ഞങ്ങൾ നിത്യവും കാണുന്നുവെന്നും അതുകൊണ്ട് നിങ്ങൾ വന്ന് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനുള്ള രീതികൾ ഞങ്ങളിൽനിന്ന് പഠിക്കുകയെന്നും ജനങ്ങളോട് പറയാനും നമുക്ക് കഴിയും.

എന്താണ് യഥാർത്ഥ ഭയഭക്തി അഥവാ തഖ്‌വ? ഇത് വിശ

ദീകരിച്ചുകൊണ്ട് ആ മഹാത്മാവ് ഒരിടത്ത് പറയുന്നു: "യഥാർത്ഥ തഖ്‌വ (ഭയഭക്തി)യോടൊപ്പം ജാഹിലിയ്യത്ത് (അജ്ഞത) കൂടി ച്ചേരുകയില്ല. യഥാർത്ഥ തഖ്‌വ ദൈവിക പ്രകാശത്തെ ഉൾക്കൊള്ളുന്നു. പ്രതാപവാനായ അല്ലാഹു പറയുന്നു:

***യാ അയ്യുഹല്ലദീന ആമനൂ ഇൻ തത്തഖുല്ലാഹ യജ് അല്ലക്കും ഫുർഖാനൻവ്വയുകഫ്ഫിർ അൻകും സയ്യിആ ത്തിക്കും........... വയജ്അല്ലക്കും നൂറൻ തംശൂനബിഹി***

വിശ്വസിച്ചവരേ! നിങ്ങൾ മുത്തഖിയായിക്കൊണ്ട് അടി യുറച്ചുനില്ക്കുകയും, അല്ലാഹുവിനുവേണ്ടി ഭക്തിയുടെ വിശേ ഷഗുണത്തിലൂടെ സ്ഥിരതയും ഭദ്രതയും സ്വായത്തമാക്കു കയും ചെയ്താൽ അല്ലാഹു നിങ്ങളും അന്യരും തമ്മിൽ വ്യത്യാസം ഉണ്ടാക്കുന്നതാണ്. നിങ്ങൾക്ക് ഒരു പ്രകാശം തരിക എന്നതാണ് ആ വ്യത്യാസം. ആ പ്രകാശവുംകൊണ്ട് നിങ്ങൾ നിങ്ങളുടെ എല്ലാ വഴികളിലും നടക്കുന്നതാണ്. (*8:30, 57:29*). അതായത്, ആ പ്രകാശം നിങ്ങളുടെ സകല കർമ്മങ്ങ ളിലും വാക്കുകളിലും കഴിവുകളിലും ഇച്ഛകളിലും പ്രവഹി ക്കുന്നതാണ്. നിങ്ങളുടെ ബുദ്ധിയിലും പ്രകാശമുണ്ടാകും. നിങ്ങളുടെ അനുമാന കാര്യത്തിലും പ്രകാശമുണ്ടാകും. നിങ്ങ ളുടെ കണ്ണുകളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ ചെവിക ളിലും, നിങ്ങളുടെ നാവുകളിലും നിങ്ങളുടെ വിവരണങ്ങളിലും നിങ്ങളുടെ ഓരോ അനക്കമടക്കങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങൾ നടക്കുന്ന വഴികളെല്ലാം പ്രകാശമയമായിത്തീരും. ചുരുക്കത്തിൽ നിങ്ങളുടെ വഴികളും നിങ്ങളുടെ ശക്തികളുടെ വഴികളും നിങ്ങളുടെ ഇച്ഛകളുടെ വഴികളുമെല്ലാം പ്രകാശം കൊണ്ടുനിറയുന്നതാണ്. നിങ്ങൾ അടിമുടി പ്രകാശത്തിൽ നട ക്കുന്നതാണ്."

അതിനാൽ, തങ്ങൾക്കും അന്യർക്കുമിടയിൽ തഖ്‌വ വ്യക്തമായ ഒരു വര വരക്കുന്നുണ്ടെന്ന കാര്യം ഓരോ അഹ്മ ദിയും എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ഈ വ്യക്തമായ വ്യത്യാസത്തോടുകൂടി ഒരു അഹ്മദി തന്റെ രാവും പകലും കഴിച്ചുകൂട്ടുമ്പോഴാണ് അവർ പ്രകാശമയമായ വഴികളിലൂടെ

നടക്കുന്നവരായിത്തീരുന്നത്. അല്ലാഹുവിലേക്ക് കൊണ്ടുപോകുന്ന ആ വഴി മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കാനും അവർക്ക് സാധിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) 1907-ൽ നടന്ന ജൽസയിൽ ചെയ്ത പ്രഭാഷണത്തിൽ ഒരിടത്ത് പറഞ്ഞു: മുത്തഖിയല്ലാത്തവർ, വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ നിന്നും ഒന്നും നേടുകയില്ല. കാരണം ഇക്കാര്യമാണ് വിശുദ്ധ ഖുർആൻ നമ്മളോട് പറഞ്ഞത്. ***അലിഫ് ലാം മീം. ദാലിക്കൽക്കിതാബു ലാറയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ***. ഈ ഗ്രന്ഥം തഖ്‌വ സ്വായത്തമാക്കുന്നവർക്കാണ് മാർഗ്ഗദർശനം നല്കുന്നത്. തഖ്‌വയില്ലാത്തവൻ അന്ധനാണ്."

ഇതാണ് ആത്മീയമായ ആയുധം. ഇക്കാലത്ത് അതിന്റെ ആവശ്യമാണുള്ളത്. ഈ ആയുധംകൊണ്ട് നാം ശയ്ത്വാനെ നേരിടണം. വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിൽ ശയ്ത്വാന് പരാജയം വിധിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, അതിന്നായി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ യഥാർത്ഥ പിൻഗാമിയാകേണ്ടതായിവരും. ഉള്ളിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കേണ്ടതായി വരും. മുമ്പേയെങ്ങും കാണാത്തവിധമുള്ള കള്ള പ്രവൃത്തികൾ ഇക്കാലത്ത് ശയ്ത്വാൻ ചെയ്യുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറഞ്ഞു. പക്ഷേ, ശയ്ത്വാനോടുള്ള പോരാട്ടവും അവനെ പരാജയപ്പെടുത്തലും ഇക്കാലഘട്ടത്തിൽ വിധിക്കപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ ***ജരിയുല്ലാഹി ഫീ ഹുലലിൽ അമ്പിയാഅ്*** എന്ന അല്ലാഹുവിന്റെ ഫയൽവാനായ വാഗ്ദത്ത മസീഹാണ് ശയ്ത്വാന്റെ എല്ലാ കള്ളത്തരങ്ങളും തകർത്ത് തരിപ്പണമാക്കേണ്ടത്. ആ മഹാത്മാവ് പറയുന്നു:

"ശയ്ത്വാന്റെ പ്രതീകത്തിനാണ് യഥാർത്ഥത്തിൽ ദജ്ജാൽ എന്നു പറയുന്നതെന്ന് ഓർമ്മിച്ചുകൊള്ളുവിൻ. ഇതിന്റെ അർത്ഥം സന്മാർഗ്ഗത്തിൽനിന്ന് വഴി തെറ്റിക്കുന്നവൻ എന്നാണ്. പക്ഷേ, അവസാനകാലഘട്ടത്തെക്കുറിച്ച് മുൻഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നത്, അക്കാലത്ത് ശയ്ത്വാനുമായി ധാരാളം യുദ്ധമുണ്ടാകുമെന്നാണ്. പക്ഷേ, അവസാനം ശ

യ്ത്വാൻ പരാജയപ്പെടും. എല്ലാ നബിമാരുടെയും കാലത്ത് ശയ്ത്വാൻ പരാജയപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും, അതെല്ലാം താൽക്കാലികമായിരുന്നു. യഥാർത്ഥമായ നിലയിലുള്ള അവന്റെ പരാജയം മസീഹിന്റെ കൈകളാലാണ് വിധിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു ആ വിജയത്തെ സംബന്ധിച്ച് വാഗ്ദാനം നല്കിയിരിക്കുന്നു. ***ജാഇലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി*** (3:56). പറയുന്നു നിന്റെ യഥാർത്ഥ അനുയായികളേയും ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ വിജയികളായി നിലനിറുത്തും. ചുരുക്കത്തിൽ ശയ്ത്വാൻ ഈ അവസാന കാലഘട്ടത്തിൽ പൂർണ്ണശക്തിയോടുകൂടി യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ, അവസാന വിജയം നമ്മളുടേത് തന്നെയായിരിക്കും" (*മൽഫൂസാത്ത്, വാള്യം 5, പേ-398*).

അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തനിക്ക് ശയ്ത്വാന്റെമേൽ വിജയം കിട്ടുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ പറഞ്ഞിരിക്കുന്നു. പക്ഷേ, ശയ്ത്വാന്റെമേൽ വിജയം വരിക്കുന്നവർ, തന്റെ യഥാർത്ഥ അനുയായികളായിരിക്കുമെന്നും അവർ എല്ലാതരം കളവുകളിൽനിന്നും രക്ഷപ്പെട്ടു നില്ക്കുന്നവരായിരിക്കുമെന്നും ഏതൊരു അധ്യാപനവുമായിട്ടാണോ താൻ അയക്കപ്പെട്ടിരിക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നവരായിരിക്കുമെന്നും ആ മഹാത്മാവ് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കിശ്തിനൂഹ് എന്ന ഗ്രന്ഥത്തിൽ പറയുന്നു. "ഹൃദയംഗമമായ നിലയിൽ പൂർണ്ണമായ കർമ്മം ഉണ്ടാകാത്തിടത്തോളം നാവുകൊണ്ട് ബയ്അത്തിന്റെ വചനങ്ങൾ ഏറ്റുപറയുന്നത് അത്ര കാര്യമൊന്നുമല്ല. എന്റെ അധ്യാപനമനുസരിച്ച് പൂർണ്ണമായ നിലയിൽ പ്രവർത്തിക്കുന്നയാൾ എന്റെ ഈ വീട്ടിൽ പ്രവേശിക്കുന്നതാണ്. ഈ വീട്ടിനെക്കുറിച്ച് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, ***ഇന്നീ ഉഹാഫിളു കുല്ലമൻ ഫിദ്ദാരി***. നിന്റെ നാലു ഭിത്തിക്കുള്ളിലുള്ളവരെയെല്ലാം ഞാൻ കാത്തുരക്ഷിക്കുന്നതാണ്." അതുകൊണ്ട് എല്ലാ വിപത്തുകളിൽനിന്നും എല്ലാ ബുദ്ധി

മുട്ടുകളിൽനിന്നും എല്ലാ നാശങ്ങളിൽനിന്നും എല്ലാ ആക്രമ ണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനായുള്ള ഒരേയൊരു കുറി പ്പടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മോട് പറഞ്ഞി രിക്കുന്നത്. നമ്മൾ സത്യഹൃദയത്തോടെ ആ മഹാത്മാവിന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുകയാണെങ്കിൽ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നമ്മെ എല്ലാ നാശങ്ങളിൽനിന്നും കളവിൽനിന്നും ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്നും രക്ഷി ക്കുന്നതാണ്. എന്നല്ല, തന്റെ ഫള്ല്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ ആ ആത്മീയായുധം നമ്മുടെ കൈയിൽ നല്കുന്നതാണ്. ഇതുപയോഗിച്ചുകൊണ്ടാണ് നമ്മൾ ഇക്കാലത്ത് ശയ്ത്വാന്റെ മേൽ വിജയം വരിക്കേണ്ടത്. ആ മഹാത്മാവ് പറയുന്നു:

“എന്നാൽ, ശയ്ത്വാന്റെ മരണം, ശയ്ത്വാൻ മരിച്ചിരി ക്കുന്നു എന്നു പറയുന്നതുകൊണ്ടുമാത്രം സംഭവിക്കുകയി ല്ലെന്ന കാര്യം ഓർക്കേണ്ടതാണ്. പ്രത്യുത നിങ്ങൾ പ്രാവർത്തി കമായ നിലയിൽ ശയ്ത്വാൻ മരിച്ചിരിക്കുന്നുവെന്ന് ലോകത്തിന് കാണിച്ചുകൊടുക്കേണ്ടതാണ്. ശയ്ത്വാന്റെ മരണം പ്രസ്താവന കൊണ്ടല്ല മറിച്ച്, അവസ്ഥകൊണ്ട് പ്രകടപ്പിക്കേണ്ടതാണ്. അവ സാനം വരുന്ന മസീഹിന്റെ കാലത്ത് ശയ്ത്വാൻ തികച്ചും നശി ക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. ശയ്ത്വാൻ ഓരോ മനുഷ്യന്റെയും കൂടെയുണ്ടെന്നത് ശരിതന്നെ. പക്ഷേ, നമ്മുടെ ആദരണീയരായ നബി(സ)യുടെ കൂടെയുണ്ടായിരുന്ന ശയ്ത്വാൻ മുസ്‌ലിമായി.

“ഇപ്രകാരംതന്നെ ഇക്കാലത്ത് ശയ്ത്വാനെ അപ്പാടെ നശിപ്പിക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. ‘***ലാഹൗല***’ എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ ശയ്ത്വാൻ പായുമെന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. എന്നാൽ, കേവലം പ്രകടനപര മായനിലയിൽ ***ലാഹൗല*** എന്ന പ്രാർത്ഥന ചൊല്ലിയാൽ, ഉടനെ പാഞ്ഞുകളയുന്ന സാധുവൊന്നുമല്ല അവൻ. ഇപ്രകാരം നൂറുവട്ടം ***ലാഹൗല*** എന്ന പ്രാർത്ഥന ചൊല്ലിയാലും അവൻ ഓടിപ്പോവുകയില്ല. മറിച്ച് യാഥാർത്ഥ്യം എന്താണെന്നു

വെച്ചാൽ, ശരീരത്തിന്റെ ഓരോ അണുവിലും ലാഹൗല എന്ന പ്രാർത്ഥന പ്രവഹിക്കുന്നവരും എപ്പോഴും അല്ലാഹുവിനോടുതന്നെ സഹായവും രക്ഷയും തേടിക്കൊണ്ടിരിക്കുന്നവരും അവനിൽ നിന്നുതന്നെ അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നവരുമാണ് ശയ്ത്വാനിൽനിന്ന് രക്ഷിക്കപ്പെടുന്നത്; അവർ തന്നെയാണ് വിജയം വരിക്കുന്നവരും. എന്നാൽ, ഓർമ്മിച്ചുകൊള്ളുക, അല്ലാഹു വിശുദ്ധഖുർആൻ ആരംഭിച്ചിട്ടുള്ളതും അതിനെ അവസാനിപ്പിച്ചിട്ടുള്ളതും പ്രാർത്ഥനയിലൂടെയാണ്. ഇതുകൊണ്ടുള്ള വിവക്ഷിതം അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ പരിശുദ്ധനാകാൻ സാധിക്കാത്തവിധം മനുഷ്യൻ ദുർബ്ബലനാകുന്നു എന്നാണ്. അല്ലാഹുവിൽനിന്ന് സഹായവും രക്ഷയും ലഭിക്കുന്നില്ലെങ്കിൽ മനുഷ്യന് നന്മയിൽ പുരോഗതി പ്രാപിക്കാനേ കഴിയുകയില്ല. അല്ലാഹു ജീവിപ്പിക്കുന്നവരൊഴികെ എല്ലാവരും മരിച്ചവരാണെന്നും അല്ലാഹു സന്മാർഗ്ഗം നല്കാത്തവരെല്ലാം വഴിപിഴച്ചവരാണെന്നും അല്ലാഹു കാഴ്ച നല്കാത്തവരെല്ലാം അന്ധന്മാരാണെന്നും ഒരു ഹദീഥിൽ വന്നിട്ടുണ്ട്." ഒരിടത്ത് പറഞ്ഞു: "നിങ്ങൾ സ്വയം പരിശുദ്ധരാണെന്ന് കരുതരുത്. കാരണം അല്ലാഹു പരിശുദ്ധനാക്കാത്തിടത്തോളം ആരും പരിശുദ്ധരാകുകയില്ല."

"ചുരുക്കിപ്പറഞ്ഞാൽ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കാത്തിടത്തോളം ദുൻയാവിനോടുള്ള സ്നേഹത്തിന്റെ വളയം കഴുത്തിലെ മാലയായി കിടക്കുമെന്നത് സത്യമായ കാര്യമാണ്. അല്ലാഹു അനുഗ്രഹം ചൊരിയുന്നവൻ മാത്രമാണ് അതിൽനിന്ന് രക്ഷപ്പെടുക. എന്നാൽ, ദുആയുടെ ഫലമായിട്ടാണ് അല്ലാഹുവിന്റെ അനുഗ്രഹവും ഇറങ്ങാൻ തുടങ്ങുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്.

എന്നാൽ, പ്രാർത്ഥന എന്നത് വെറും നാവുകൊണ്ട് അതുതാ, ഇതുതാ എന്നു പറയുന്നതിന്റെ പേരാണെന്ന് കരുതരുത്. പ്രാർത്ഥന ഒരു തരത്തിലുള്ള മരണമാണ്. അതിനുശേഷമാണ് ജീവിതം ലഭിക്കുന്നത്. പഞ്ചാബിയിലെ ഒരു കവിതാശകലമുണ്ട്.

***ജോ മങ്കേ സൗ മർ രഹെ- മരേ സൗമങ്കൻ ജാ*** ഫക്കീറിനെപ്പോലെ എല്ലാം ത്യജിച്ചുകൊണ്ട് ദൈവസന്നിധിയിൽ വന്നാൽ അനുഗൃഹീതനാകും.

“പ്രാർത്ഥനയിൽ ഒരു കാന്തികശക്തിയുണ്ടാകുന്നു. അത് അല്ലാഹുവിന്റെ ദാനത്തേയും അനുഗ്രഹത്തേയും തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. 'ഇന്ന ജോലി ഇങ്ങനെ ചെയ്യണം, ഈ വസ്തു ഇന്ന സ്ഥലത്തായിപ്പോയി, ഇത് ഇങ്ങനെ ചെയ്യണമായിരുന്നു, അതിങ്ങനെയായാൽ അങ്ങനെ ചെയ്യണം' എന്നൊക്കെ മനസ്സിൽ വിചാരിക്കുകയും പുറമെ ***ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം*** എന്ന് ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്താൽ അത് പ്രാർത്ഥനയാകുമോ? ഇത് വെറും ആയുസ്സ് നഷ്ടപ്പെടുത്തലാണ്. മനുഷ്യൻ അല്ലാഹുവിന്റെ ഗ്രന്ഥത്തെ മുന്തിക്കാതിരിക്കുകയും അതനുസരിച്ച് ജീവിക്കാതിരിക്കുകയും ചെയ്യുവോളം അവന്റെ നമസ്കാരങ്ങൾ വെറും സമയം പാഴാക്കിക്കളയലാണ്.

“വിശുദ്ധഖുർആനിൽ വ്യക്തമായും എഴുതിയിരിക്കുന്നു. ***ഖദ് അഫ്ലഹൽമുഅമിനൂൻ, അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ*** (23:2,3). അതായത്, പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് മനുഷ്യന്റെ ഹൃദയം ഉരുകുകയും, എല്ലാ വിചാരങ്ങളെയും തുടച്ചുനീക്കി അവനിൽ നിന്ന് അനുഗ്രഹവും സഹായവും തേടി അവനിൽ ലയിച്ചുകൊണ്ട് അവന്റെ സവിധത്തിൽ ആത്മാർത്ഥതയോടും സത്യസന്ധതയോടുംകൂടി വീഴുകയും അങ്ങനെ ഒരുതരം തേങ്ങലും അലിവും ഉണ്ടാകുകയും ചെയ്യുമ്പോൾ വിജയത്തിന്റെ കവാടം തുറക്കുന്നു. ഇതുമുഖേന ദുൻയാവിനോടുള്ള സ്നേഹം തണുത്തുപോകുന്നു. കാരണം രണ്ടുസ്നേഹം ഒരിടത്ത് കൂടിച്ചേർന്നിരിക്കുകയില്ല.

***ഹം ഖുദാ ഖാഹി വഹം ദുൻയായെ ദൂം***
***ഈം ഖിയാൽ അസ്തൊ വ മഹാൽ അസ്തൊ ജുനൂൻ.***

(നീ ദൈവത്തെ ആഗ്രഹിക്കുന്നവനാകുന്നു; ഒപ്പം നിസ്സാരമായ ലോകത്തേയും. ഇത് തെറ്റായ വിചാരമാണ്, നടക്കാത്ത

കാര്യമാണ്. ഭ്രാന്തുമാണ്.) അതുകൊണ്ട് അതിനെ തുടർന്നു അല്ലാഹു പറയുന്നു, ***വല്ലദീനഹും അനില്ലഗ്‌വി മുഅ്‌രിളൂൻ*** (23:4).

ഇവിടെ ***ലഗ്‌വ്*** കൊണ്ടുള്ള ഉദ്ദേശ്യം ഭൗതികലോകമാണ്. അതായത്, മനുഷ്യന് നമസ്കാരങ്ങളിൽ ഭയഭക്തിയും വണക്കവും കിട്ടിത്തുടങ്ങുമ്പോൾ അതിന്റെ ഫലമായി, ഭൗതികതയോടുള്ള സ്നേഹം അവന്റെ മനസ്സിൽനിന്ന് തണുത്തുപോകുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം പിന്നീട് അവൻ കൃഷിയും കച്ചവടവും ഉദ്യോഗവുമെല്ലാം വലിച്ചെറിയുമെന്നല്ല, മറിച്ച്, വഞ്ചിക്കുന്നതും അല്ലാഹുവിൽനിന്ന് അശ്രദ്ധനാക്കുന്നതുമായ ഭൗതികജോലികളിൽനിന്നും പിന്മാറാൻ തുടങ്ങുന്നു." (ജോലിയിൽ മുഴുകന്നതിനോടൊപ്പം അല്ലാഹുവിനോടുള്ള ഭയവും അവന്റെ ഓർമ്മയും മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കും) അല്ലാഹു പറയുന്നു: ***രിജാലുൻല്ലാ തുൽഹീഹിം തിജാറത്തൻവ്വലാ ബയ്ഉൻ അൻ ദിക്‌രില്ലാഹ്*** (24:38) അതായത്, വലിയവലിയ വ്യവസായങ്ങളിലും കച്ചവടങ്ങളിലും ഒരു നിമിഷംപോലും നമ്മെ മറക്കാത്ത ദാസന്മാരും നമുക്കുണ്ട്. അല്ലാഹുവുമായി ബന്ധം വയ്ക്കുന്നവൻ ഇഹഭോഗതൽപരനെന്ന് പറയപ്പെടുകയില്ല. അല്ലാഹുവിനെ ഓർമ്മയില്ലാത്തവനാണ് ഇഹഭോഗതൽപരൻ.

(അല്ലാഹുവിനെ മറക്കാത്ത) അത്തരക്കാർ ദൈവികസവിധത്തിൽ വിലപിക്കുകയും വിനയം കാണിക്കുകയും വണക്കത്തോടെ പെരുമാറുകയും ചെയ്യുന്നതിന്റെ ഫലമായി, ഇഹലോകത്തോടുള്ള സ്നേഹം, അത്യാശ, ദുരാഗ്രഹം, സുഖജീവിതം, സുഖഭോഗം തുടങ്ങിയവയെക്കാളെല്ലാം ദീനിനോടുള്ള സ്നേഹത്തെ മുന്തിക്കുന്നു. കാരണം ഒരു നല്ല കർമ്മം മറ്റൊരു നല്ല കർമ്മത്തെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നുവെന്നതും ഒരു ദുഷ്ക്കർമ്മം മറ്റൊരു ദുഷ്ക്കർമ്മത്തിന് പ്രേരിപ്പിക്കുന്നുവെന്നതും സർവ്വസാധാരണമായ സംഗതിയാണ്. ആ ആളുകൾ തങ്ങളുടെ നമസ്കാരങ്ങളിൽ ഭയഭക്തിയും വിനയവും അവലംബിക്കുമ്പോൾ അതിന്റെ ഫലമായി അനാവശ്യകാര്യങ്ങ

ളിൽനിന്ന് അവർ പിന്മാറുന്നുവെന്നത് സ്വാഭാവികമാണ്. അഴുക്കുനിറഞ്ഞ ലോകത്തുനിന്ന് രക്ഷപ്പെടുകയും, അതിനോടുള്ള സ്നേഹം തണുത്ത് അല്ലാഹുവിനോടുള്ള സ്നേഹം അവരിലുണ്ടാകുകയും ചെയ്യുന്നു." (*മൽഫൂസാത്ത്, വാല്യം 5, 399 -401*)

ആരാധനകളുടെ സ്വാധീനം ശരീരത്തിലും ആത്മാവിലും പതിക്കുന്നു. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ ബാഹ്യമായ ധാർമ്മികതയും ഉണ്ടാകും. ആത്മാവും പരിശുദ്ധമാകും. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം എല്ലാത്തരം കളവുകളിൽനിന്നും ശയ്ത്വാനിൽനിന്നും രക്ഷിക്കുന്നതുമായിരിക്കും. ശരീരത്തിലും ആത്മാവിലും പരിവർത്തനമുണ്ടാക്കുന്ന ആ ആരാധനകൾ എന്താണ്? നമസ്കാരം ആരാധനകളുടെ മർമ്മമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ഈ മർമ്മത്തെ കാത്തുരക്ഷിക്കുകയാണെങ്കിൽ സ്വന്തം ആരാധനയോടുള്ള കടമ നിറവേറ്റുന്നവരായിരിക്കും. ശരീരത്തിലും ആത്മാവിലും ഒരു വിപ്ലവമുണ്ടാക്കുന്നവരായിരിക്കും. ഇല്ലെങ്കിൽ, നമസ്കരിക്കുന്നവരായി ആയിരക്കണക്കിന് ആളുകളെ നാം കാണാറുണ്ട്. പക്ഷേ, അവരുടെ ധാർമ്മികസ്ഥിതി കാണുമ്പോൾ മാന്യനായ വ്യക്തി അവരുടെ അടുത്തുപോലും പോകാതെ ഓടിമറയും. ഇക്കാലത്ത് നമ്മൾ എന്തൊന്നാണ് കാണാത്തത്. ബാഹ്യമായി നോക്കുമ്പോൾ പള്ളികളുമായി ബന്ധമുണ്ട്. പക്ഷേ, അവർ രക്തംചിന്തുന്നു. അത്തരക്കാർ ഒരിക്കലും ശയ്ത്വാനെ ഓടിക്കുന്നവരാകുകയില്ല. കാരണം മസീഹിന്റെ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് മുഖേന ശയ്ത്വാനുമേൽ വിജയം വരിക്കും എന്നാണ് അല്ലാഹുവിന്റെ വാഗ്ദാനുമുള്ളത്.

അതുകൊണ്ട് അല്ലയോ മുഹമ്മദീ മസീഹിന്റെ ദാസരേ, മുഹമ്മദീ മസീഹ് പഠിപ്പിച്ച ആ നമസ്കാരവും ആ ആരാധനാകർമ്മങ്ങളും നിങ്ങളനുഷ്ഠിക്കുക. ആ മഹാത്മാവ് പറയുന്നു: "എല്ലാ ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടുകയും എല്ലാ നാശങ്ങളും അകലുകയും ചെയ്യുന്ന ഒരു കാര്യമാണ് നമസ്കാ

രമെന്ന് ഓർക്കേണ്ടതാണ്. എന്നാൽ, അതുകൊണ്ടുദ്ദേശിക്കുന്നത് സാധാരണക്കാർ ആചാരമെന്നനിലയിൽ അനുഷ്ഠിച്ചുവരുന്ന നമസ്കാരമല്ല. മറിച്ച്, മനുഷ്യന്റെ ഹൃദയം അലിയുകയും ദൈവസവിധത്തിൽ വീണുരുകാൻ തുടങ്ങുകയും ചെയ്യുംവിധം ആസക്തനായിത്തീരുന്ന നമസ്കാരമാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. അല്ലാഹുവിന് നേട്ടമുള്ളതുകൊണ്ടാണ് താൻ നമസ്കാരം അനുഷ്ഠിക്കുന്നതെന്ന ചിന്തയുണ്ടാകാനും പാടില്ല. നമ്മുടെ നമസ്കാരത്തിന്റെ ആവശ്യം അല്ലാഹുവിന് ഇല്ലേയില്ല. അവൻ പരാശ്രയരഹിതനാണ്. അവന് ആരുടേയും ആവശ്യമില്ല. ഇതിന്റെ ഉദ്ദേശ്യം മനുഷ്യന് നമസ്കാരം ആവശ്യമുണ്ടെന്നാണ്. മനുഷ്യൻ തന്റെ സ്വന്തം നന്മ ആഗ്രഹിക്കുന്നുണ്ടെന്നത് ഒരു രഹസ്യകാര്യമാണ്. അതുകൊണ്ടാണ് അവൻ അല്ലാഹുവിനോട് സഹായം തേടുന്നത്. കാരണം അല്ലാഹുവുമായിട്ട് മനുഷ്യന് ബന്ധമുണ്ടാകുക എന്നതിന്റെ അർത്ഥം യഥാർത്ഥ നന്മ സമ്പാദിച്ചെടുക്കുക എന്നതാണ്. മുഴുലോകവും അയാൾക്കെതിരിൽ അണിനിരന്നാലും അയാളെ നശിപ്പിക്കാൻ പിന്നാലെ കൂടിയാലും അയാൾക്കൊരു ക്ഷതവും ഉണ്ടാക്കാൻ അവർക്ക് കഴിയുകയില്ല. അത്തരം വ്യക്തിയ്ക്കുവേണ്ടി ലക്ഷക്കണക്കിന്, കോടിക്കണക്കിന് മനുഷ്യരെ സംഹരിക്കേണ്ടിവന്നാൽ, അവൻ സംഹരിക്കുകയും ആ ഒന്നിനുപകരം ലക്ഷങ്ങളെ നശിപ്പിക്കുകയും ചെയ്യും.

ദീനും ദുൻയാവും അലംകൃതമായിത്തീരുന്നത് ഈ നമസ്കാരം കൊണ്ടാണെന്ന കാര്യം ഓർമ്മിക്കുക. എന്നാൽ, നമസ്കരിക്കുന്ന മിക്കവരിലും ആ നമസ്കാരം ശാപം ചൊരിയുകയാണ് പതിവ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് ഇന്ന് അവന്റെ അനുഗ്രഹത്തിന് അവകാശികളാകാനും, അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനും എല്ലാവിധ നന്മകളും കരസ്ഥമാക്കാനും നമ്മുടെയും നമ്മുടെ മക്കളുടെയും സംരക്ഷണത്തിനും നിലനില്പിനും വേണ്ടി അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ട് നാം ആരാ

ധന നടത്തേണ്ടതായി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, നമസ്കരിക്കുന്നവരുടെമേൽ ശാപം ചൊല്ലുന്ന നമസ്കാരമാകരുത് അത്.

ആ മഹാത്മാവ് അഭിപ്രായപ്പെട്ടതുപോലെ, അപ്പോൾ ലോകത്തിന് നമ്മുടെ ഒരു മുടിപോലും പിഴുതെടുക്കാൻ കഴിയില്ല. ശയ്ത്വാന്റെ ഒരാക്രമണത്തിനും നമുക്ക് നഷ്ടംവരുത്താനും സാധ്യമല്ല. നമ്മെ നശിപ്പിക്കാനും ഉന്മൂലനം ചെയ്യാനും ലോകം ആയിരക്കണക്കിന് പദ്ധതികൾ ആസൂത്രണം ചെയ്താലും, തരിമ്പും വിലപ്പോകില്ല. എന്നല്ല, ആ മഹാത്മാവ് പറയുന്നത്, അല്ലാഹു അത്തരം വ്യക്തിക്കുവേണ്ടി, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങളെ സംഹരിക്കേണ്ടിവന്നാൽ സംഹരിക്കുമെന്നാണ്. ഇത് പഴങ്കഥയല്ല. 'ഞാൻ നിന്നോടും നിന്റെ പ്രിയപ്പെട്ടവരോടുമൊപ്പമാണ്' എന്ന അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അടയാളങ്ങൾ കാണിച്ചുകൊണ്ടേപോകുന്നു. ആ മഹാത്മാവിന്റെ ജമാഅത്തിനെ വകവരുത്തുമെന്ന് വാദിക്കുന്നവരുടെ ഓരോ കൈയും നാശമടയുന്നത് നാം കണ്ടു. നാം യഥാർത്ഥനിലയിൽ ആ മഹാത്മാവിന്റെ അനുയായികളാണെന്ന് ഉറക്കെ പ്രഖ്യാപിച്ചും, ആ ദിവ്യാത്മാവിന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിച്ചുംകൊണ്ട് സത്യവാന്മാരായ ആരാധകരായിരിക്കുവോളം, അല്ലാഹുവിന്റെ സഹായവും രക്ഷയും കണ്ടുകൊണ്ടേയിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനം പൂർത്തിയാകുകതന്നെ ചെയ്യും. നമ്മളിൽ ഏതെങ്കിലുമൊരാൾ തന്റെ ആരാധനയുടെ നിലവാരത്തിൽനിന്ന് താഴോട്ടിറങ്ങിയാൽ, അല്ലാഹു തൽസ്ഥാനത്ത് ആ ആരാധനയുടെ നിലവാരം നിലനിറുത്തുന്ന 10 പേരെ തന്റെ മസീഹിന് നല്കുന്നതാണ്. കാരണം, ഇപ്പോൾ ദജ്ജാലിന്റേയും ശയ്ത്വാന്റേയുംമേൽ വിജയം ഈ മസീഹിന്റെ കൈയിലാണ് വിധിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ ഈ തീരുമാനത്തിൽ തടസ്സമുണ്ടാക്കാൻ ലോകത്തൊരു ശക്തിയുമില്ല.

അതിനാൽ, അല്ലാഹുവിന്റെ മസീഹിന്റെ വിളിക്ക്

ലബ്ബൈക്ക് പറഞ്ഞുകൊണ്ട് തങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്താനും നിലനിറുത്താനും വേണ്ടി അല്ലാഹുവിനോട് സഹായം തേടേണ്ടത് ഇന്ന് നമ്മളിലോരോരുത്തരുടേയും നിർബന്ധകടമയാണ്. കാരണം അല്ലാഹുവിന്റെ സഹായമില്ലാതെ ഈ സ്ഥാനം ലഭിക്കുകയില്ല. ദൈവിക സവിധത്തിൽ വിലപിക്കുകയും വിനയം കാണിക്കുകയും വണക്കത്തോടെ പെരുമാറുകയും ചെയ്യുന്നതിലൂടെയാണ് ഇത് ലഭിക്കുന്നതെന്ന് ആ മഹാത്മാവ് പറഞ്ഞത് നാം കണ്ടു.

ഇത് സമ്പാദിക്കാനുള്ള കുറിപ്പടി വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "നിങ്ങളുടെ രാവും പകലും എന്നല്ല ഒരു നിമിഷവും ദുആ ഇല്ലാത്തതാകാൻ പാടില്ല."

ഇങ്ങനെയൊരവസ്ഥ ഉണ്ടാകുമ്പോൾ നമ്മൾ അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ അനന്തരാവകാശികളായിത്തീരും. അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകൃതമാകുന്ന ആരാധനയെ സംബന്ധിച്ച് വാഗ്ദത്ത മസീഹ്(അ) ഒരിടത്ത് പറയുന്നു.

"അല്ലാഹുതആല അവന്റെ ദയയും ഔദാര്യവുംകൊണ്ട് സ്വീകരിക്കുന്ന ആരാധനയുടെ യാഥാർത്ഥ്യം, വാസ്തവത്തിൽ ചില കാര്യങ്ങളടങ്ങിയിട്ടുള്ളതാണെന്ന് മനസ്സിലാക്കേണ്ടതാണ്. അതായത്, അല്ലാഹുവിന്റെ മഹിമയാർന്നതും അത്യുന്നതവുമായ മഹിമാവിലാസം കണ്ട് പൂർണ്ണമായ നിലയിൽ വിനയം കൈക്കൊള്ളുക. ഇപ്രകാരംതന്നെ അവന്റെ ദയാർദ്രതയും  പലതരം ഉപകാരങ്ങളും കണ്ട് അവനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുക. അവന്റെ അസ്തിത്വത്തോട് സ്നേഹം പുലർത്തിയും അവന്റെ ഗുണങ്ങളും സൗന്ദര്യവും പ്രകാശവും സങ്കല്പിച്ചും അവനെ എല്ലാ വസ്തുവിന്റേയും മേൽ ഉയർത്തിനിറുത്തുക. അവന്റെ സ്വർഗ്ഗത്തെ മുന്നിൽകണ്ട് സ്വമനസ്സിനെ ശയ്ത്വാന്റെ ദുർബോധനങ്ങളിൽനിന്ന് പരിശുദ്ധമാക്കിവയ്ക്കുക."

ഈ യാഥാർത്ഥ്യം ഓരോ അഹ്മദിയും മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതായത്, നമസ്കാരം നല്ലനിലയിൽ

അനുഷ്ഠിക്കുമ്പോഴാണ് ഇത്തരം അവസ്ഥ സത്യവിശ്വാസിയ്ക്ക് അനുഭവപ്പെടുന്നത്. അപ്പോഴായിരിക്കും അയാൾ യഥാർത്ഥ സത്യവിശ്വാസി എന്ന് പറയപ്പെടുക. അല്ലാഹുവിന്റെ മഹത്വത്തിന്റെയും വലുപ്പത്തിന്റെയും അത്യുന്നതമായ തേജോവിലാസത്തിന്റെയും സങ്കല്പം സത്യവിശ്വാസിക്കുണ്ടാകുമ്പോൾ, നിറവേറ്റാൻ അല്ലാഹു കല്പിച്ച കാര്യങ്ങളിലേക്കും കല്പനകളിലേക്കും ശ്രദ്ധയുണ്ടാകും. സദാ സമയവും അല്ലാഹുവിന്റെ ഔദാര്യങ്ങളും അനുഗ്രഹങ്ങളും മുന്നിൽ കണ്ട്, അവനെ സ്തുതിക്കുകയും വാഴ്ത്തുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക എന്നത് ഒരു അഹ്മദിയുടെ പ്രത്യേകതയായിരിക്കണം. അല്ലാഹുവിന്റെ ഔദാര്യങ്ങളേയും അനുഗ്രഹങ്ങളേയും കുറിച്ചുള്ള അനുഭവം ഒരഹ്മദിയ്ക്കുള്ളതുപോലെ മറ്റാർക്കും ഉണ്ടാകുകയില്ല. ഒരഹ്മദിക്ക് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ അല്ലാഹു സൗഭാഗ്യം നല്കി എന്നത് ഇക്കാലഘട്ടത്തിൽ അവന്റെ ഔദാര്യങ്ങളിൽ ഏറ്റവും വലിയ ഔദാര്യമാണ്. ശയ്ത്വാന്റെ ദുർബോധനങ്ങളിൽ മുങ്ങിത്താഴ്ന്നുകിടക്കുന്ന കാരണത്താൽ ഭൂരിഭാഗം ജനങ്ങളും കാലത്തിന്റെ ഇമാമിനെ നിഷേധിച്ചിരിക്കുകയാണ്. ആ ദുർബോധനങ്ങളിൽനിന്നെല്ലാം അല്ലാഹു നമ്മെ പരിശുദ്ധരാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങൾ നമുക്ക് അല്ലാഹുവിനോടുള്ള സ്നേഹം വർദ്ധിപ്പിക്കുന്നതും അവനെ ആരാധിക്കുന്നതിലേക്ക് പ്രേരണ നല്കുന്നതുമാണ്. അങ്ങനെയാണ് വേണ്ടതും. അവസാനകാലത്തെ മസീഹിനെ ഖലീഫമാരിൽ ശ്രേഷ്ഠനാക്കിയാണ് അല്ലാഹു അയച്ചിട്ടുള്ളത്. അല്ലാഹു തന്റെ പ്രിയപ്പെട്ട നബി ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് മുഹമ്മദ് മുസ്തഫാ(സ)യുടെ ഈ സത്യസന്ധനായ പ്രേമിയെ, ഇമാമുസ്സമാനും ഖാത്തമുൽഖുലഫാഉം ആയിട്ടയച്ചിരിക്കുന്നു. അതിനാൽ, ഈ ഖാത്തമുൽ ഖുലഫായുടെ ഖിലാഫത്തിന്റെ കാലവും ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതാണ്.

അല്ലാഹുവിന്റെ മഹത്വത്തേയും പ്രതാപത്തേയും മനസ്സിൽ കുടിയിരുത്തുകയും വിനയത്തിലും താഴ്മയിലും ഉയ

രുകയും അവന്റെ അസ്തിത്വത്തെ സംബന്ധിച്ച് ശരിയായ നിലയിൽ മനസ്സിലാക്കുകയും അവനെ സർവശക്തനായും സകല ശക്തികളുടേയും ഉറവിടമായും കരുതുകയും ചെയ്യുന്നവർ ഇന്ന് അഹ്മദികൾ മാത്രമാണ്. എല്ലാ പ്രകാശങ്ങളുടേയും ഉത്ഭവസ്ഥാനം അല്ലാഹുവാണെന്ന ദൃഢവിശ്വാസത്തിൽ നില കൊള്ളുന്നവരാണ് അഹ്മദികൾ. ആ അല്ലാഹു തന്നെയാണ് ഇക്കാലത്തെ അന്ധകാരത്തെ അകറ്റുന്നതിനുവേണ്ടി, ഈ ഖാത്തമുൽഖുലഫായെ ലോകത്തേക്ക് അയച്ചിട്ടുള്ളത്. അല്ലാഹു ചെയ്ത ഈ ഔദാര്യത്തിന് അവന് സ്തുതിഗീതങ്ങൾ പാടിക്കൊണ്ട് മുന്നോട്ടു ഗമിക്കുന്നതും അഹ്മദികൾ മാത്രമാണ്. നാം ഈ ചിന്താഗതിയോടുകൂടി മുന്നോട്ട് ഗമിക്കുകയും ജീവിക്കുകയും നമ്മുടെ ഹൃദയത്തെ അന്യദൈവങ്ങളിൽനിന്ന് പരിശുദ്ധമാക്കിവയ്ക്കുകയും അവനെ മാത്രം ആരാധിക്കുകയും നമ്മുടെ നാവുകളെ അവന്റെ സ്മരണയാൽ ആർദ്രമാക്കിവയ്ക്കുകയും ചെയ്യുവോളം അവൻ തന്റെ അനുഗ്രഹങ്ങളും ഔദാര്യവും നമുക്ക് നല്കിക്കൊണ്ടേയിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ വലിയൊരു അനുഗ്രഹമാണ് ഈ ഖാത്തമുൽഖുലഫാഅ് മുഖേന നമുക്ക് നല്കപ്പെട്ടിരിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതി. ഈ അനുഗ്രഹത്തെ ആദരിക്കുകയും ഇതുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നവരാരും ശയ്ത്വാന്റെ ദുർബോധനങ്ങളിൽ അകപ്പെടുകയില്ല. പ്രാർത്ഥനയിലൂടെ അതിന് സേചനം നടത്തിക്കൊണ്ടിരിക്കുന്നവർ ഈ ലോകത്തും പരലോകത്തും തങ്ങളുടെ സ്വർഗ്ഗമൊരുക്കുകയാണ് ചെയ്യുന്നത്. ഇന്ന് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന സ്ഥാപിതമായ ഖിലാഫത്തിന്റെ 99-ാമത്തെ വർഷത്തിലൂടെ കടന്നുപോകുകയാണ്. അടുത്തവർഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിനെ സ്വാഗതം ചെയ്തുകൊണ്ട് നമുക്കതിൽ പ്രവേശിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായിത്തീരാൻ, സർവ്വവും അവനിൽ അർപ്പിച്ചുകൊണ്ട് നാം പ്രാർത്ഥനയിൽ മുഴുകണം.

അഹ്മദിയ്യാ ഖിലാഫത്തിന്റെ പുതുനൂറ്റാണ്ടിൽ പ്രവേശിക്കാൻ അല്ലാഹുവിന്റേതായിമാറിക്കൊണ്ട് പ്രാർത്ഥനയോടുകൂടി ജീവിക്കണം. എന്നെന്നും അവന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളായിത്തീരാൻ അത് അനിവാര്യമാണ്.

അതുകൊണ്ട് ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിനെ സ്വാഗതം ചെയ്യാനും, ദുആകളും, ചില ഐച്ഛികമായ ആരാധനകളും മുഖേന അതിൽ പ്രവേശിക്കാനും ഞാൻ ഏകദേശം രണ്ടുവർഷം മുമ്പേ നിങ്ങളോട് പറഞ്ഞിരുന്നു. അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇന്ന് ഞാൻ ആ പ്രാർത്ഥനകൾ ഓർമ്മിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിന് നൂറുവർഷം തികയാൻ 10 മാസം മാത്രം ബാക്കിയിരിക്കെ ഈ ഘട്ടത്തിൽ ഓരോ അഹ്മദിയോടും പറയുകയാണ്, അടുത്ത നൂറ്റാണ്ടിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വിനയാന്വിതരായിക്കൊണ്ട് പ്രവേശിക്കുവാൻ അല്പം മാത്രം ബാക്കിയുള്ള ഈ വേളയിൽ ഒരു പ്രത്യേക ശ്രദ്ധയോടുകൂടി ഈ ദുആകൾ ചെയ്യുക. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും ആദ്യത്തേക്കാൾ കൂടുതൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടാകും.

ഓരോ അഹ്മദിയും ആദ്യത്തേക്കാൾ കൂടുതൽ ദുആകളുടെ കാണിക്ക അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നവരായിത്തീരുക. ചെയ്യാൻ പറഞ്ഞിട്ടുള്ള ഓരോ പ്രാർത്ഥനയും അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഖിലാഫത്തുമായിട്ട് അതിന് അഗാധമായ ബന്ധമുണ്ട്. ആ ദുആകളിൽ ഒന്ന് സൂറഃഫാത്തിഹയാണ്. അത് ഞാൻ ചുരുക്കിപ്പറയാം.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۔اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ الرَّحْمٰنِ الرَّحِيْمِ مٰلِكِ يَوْمِ الدِّيْنِ اِيَّاكَ
نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ
عَلَيْهِمْ وَلَا الضَّآلِّيْنَ. (امين).(1:1-7)

ഈ വചനങ്ങളിൽ ചിന്തിക്കുകയാണെങ്കിൽ ഓരോ വാക്കും മതത്തിന്റെ കെട്ടുറപ്പിനും, ഖിലാഫത്തിന്റെ ശക്തിക്കും ഓരോഅഹ്മദിയുടെയും ഈമാന്റെ അഭിവൃദ്ധിയ്ക്കുമുള്ള മഹത്തായൊരു ദുആയാണെന്ന് കാണാം. അല്ലാഹുവുമായി ജീവസുറ്റ ബന്ധം സ്ഥാപിക്കാൻ വഴികാണിച്ചുതരുന്ന പ്രകാശോജ്ജ്വലമായ ഒരു മിനാരമാണിത്. വിശുദ്ധഖുർആന്റെ അധ്യാപനങ്ങളുടെ സംക്ഷിപ്തമാണ് ഈ അധ്യായം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഫാത്തിഹാ അധ്യായത്തിന്റെ ഒരു നാമം 'ഉമ്മുൽ ഖുർആൻ' എന്നുമുണ്ട്. കാരണം അത് ഖുർആന്റെ എല്ലാ മുഖ്യമായ അംശങ്ങളും നല്ലരീതിയിൽ വലയം ചെയ്തിരിക്കുന്നു. വിശുദ്ധഖുർആന്റെ മുത്തുകളും പവിഴങ്ങളും ചിപ്പിപോലെ അത് ഉള്ളിലൊതുക്കി എടുത്തിരിക്കുകയാണ്. ഈ അധ്യായം അറിവിന്റെയും ജ്ഞാനത്തിന്റെയും പക്ഷികൾക്ക് കൂടുപോലെയായിത്തീർന്നിരിക്കുന്നു." ആ മഹാത്മാവ് പറയുന്നു. "ഫാതിഹാ അധ്യായത്തിന് ഒരുപാട് നാമങ്ങളുണ്ട്. അതിൽ ആദ്യത്തേത് 'ഫാതിഹത്തുൽ കിതാബ്' എന്നാണ്. ഇതിന് ഈ പേരുവെച്ചിട്ടുള്ളത്, വിശുദ്ധഖുർആൻ ഇതേ അധ്യായം മുഖേന ആരംഭിക്കുന്നതുകൊണ്ടാണ്. നമസ്കാരത്തിലും ഇതേ അധ്യായമാണ് ആദ്യം പാരായണം ചെയ്യുന്നത്. രക്ഷിതാക്കളിൽ രക്ഷിതാവായ അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ, ഇതേ അധ്യായം കൊണ്ടാണ് തുടക്കം കുറിക്കുന്നത്. എന്റെ ദൃഷ്ടിയിൽ, വിശുദ്ധഖുർആന്റെ വിഷയങ്ങൾക്ക് ഈ അധ്യായം വിധികർത്താവായി നിശ്ചയിച്ചിരിക്കുന്നതുകൊണ്ടാണ് ഈ അധ്യായത്തിന് ഫാതിഹ എന്നു പറയുന്നത്. ഔദാര്യവാനായ അല്ലാഹുവിൽനിന്ന് വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്ന അദൃശ്യമായ വാർത്തകളും സത്യങ്ങളും ഈശ്വരീയ ജ്ഞാനവുമെല്ലാം ഇതിൽ നിറയ്ക്കപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് സ്രഷ്ടാവിന്റെ സാന്നിധ്യം, നുബുവ്വത്തിന്റെ ആവശ്യകത, സത്യവിശ്വാസികളായ ദാസരിൽ ഖിലാഫത്ത് പരമ്പരയുടെ സ്ഥാപനത്തിനുള്ള തെളിവുകൾ. വാഗ്ദത്ത മസീഹിന്റെയും വാഗ്ദത്ത മഹ്ദിയുടെയും കാലത്തിന്റെ സുവാർത്തകൾ നല്കുന്നു എന്നതാണ് ഈ അധ്യായത്തിന്റെ ഏറ്റവും വലുതും

പ്രധാനപ്പെട്ടതുമായ സന്ദേശം."

ഇതിലെ ഓരോ വാക്കും ചിന്തിച്ചു പാരായണം ചെയ്യുന്നത് ആത്മീയമായ പുരോഗതിയ്ക്ക് കാരണമാകും. ആത്മീയതയിലുണ്ടാകുന്ന അഭിവൃദ്ധി പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കുന്നു. അല്ലാഹു ഈ അധ്യായത്തിൽ നാല് ഗുണങ്ങൾ വിവരിച്ചിരിക്കുന്നു. അതായത്, റബ്ബുൽആലമീൻ, അർറഹ്മാൻ, റഹീം, മാലിക്കി യൗമിദ്ദീൻ. ഈ സിഫ്ത്തുകളെക്കുറിച്ച് ഞാനോതിയ ഖുത്ബകളിൽ പറഞ്ഞുകഴിഞ്ഞതാണ്. ഇപ്പോൾ വളരെ സംക്ഷിപ്തമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടവുമായിട്ടുള്ള ഇതിന്റെ ബന്ധത്തെക്കുറിച്ച് പറയാം. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ തന്നെയായിരിക്കും വിവരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"അൽഹംദുലില്ലായുടെ പ്രകടനം നബി(സ) തിരുമേനിയുടെ മുഹമ്മദും അഹ്മദും എന്ന രണ്ട് ആവിർഭാവത്തിലൂടെ ഉണ്ടായി. ഇപ്പോൾ പരിപൂർണ്ണനായ നബി(സ)യുടെ ആ നാല് വിശേഷഗുണങ്ങളെ വിവരിച്ചുകൊണ്ട്, ആദരണീയരായ സ്വഹാബിമാരുടെ വർണ്ണത്തിൽ അവ പൂർത്തിയാക്കുകയും ചെയ്തു. അല്ലാഹുതആല പ്രതിബിംബാത്മകമായ നിലയിൽ തന്റെ വിശേഷഗുണങ്ങൾ നല്കാനാഗ്രഹിക്കുന്നു. ഇതുകൊണ്ട് ***ഫനാ ഫില്ലാ*** യുടെ അർത്ഥം മനുഷ്യൻ ദൈവത്തിന്റെ വിശേഷഗുണങ്ങളുടെ ഉള്ളിൽ വരിക എന്നാണ്.

"ഈ നാല് വിശേഷഗുണങ്ങളുടെ പ്രാവർത്തികമായ മാതൃക തിരുനബിയുടെ അനുയായികളിൽ എങ്ങനെയാണ് കാണിച്ചതെന്ന് ഇനി നോക്കുക. നബി(സ) തിരുമേനി ജനിച്ചപ്പോൾ മക്കയിലെ ജനങ്ങൾ പാലുകുടിക്കാൻ, കുട്ടി ഉമ്മയെ ആശ്രയിക്കുന്നതുപോലെയായിരുന്നു. അതായത്, അവർ പരിരക്ഷണത്തിന്റെ ആവശ്യക്കാരായിരുന്നു. കാട്ടുജാതിക്കാരേയും ഹിംസ്രജന്തുക്കളേയും പോലെ അവർ ജീവിച്ചിരുന്നു. നബി(സ) തിരുമേനി ഉമ്മയെപ്പോലെ പാലുകൊടുത്ത് അവരെ പരിപാലിച്ചു. പിന്നീട് റഹ്മാനിയ്യത്തിന്റെ (പരമകാരുണികത)

പ്രതിച്ഛായയാക്കി. പരിശ്രമത്തിന്റെ ഒരു കൈകടത്തലുകളും ഇല്ലാത്ത സാമഗ്രികൾ നല്കി. വിശുദ്ധഖുർആൻപോലുള്ള അനുഗ്രഹവും നബി(സ)യെപ്പോലുള്ള മാതൃകയും പ്രദാനം ചെയ്തു. പിന്നീട് റഹീമിയ്യത്തിന്റെ (ദയാവായ്പ്) വെളിപെടലും കാണിച്ചു. അതായത് ചെയ്ത പരിശ്രമത്തിനെല്ലാം ഫലങ്ങൾ ക്രമപ്പെടുത്തി. അവരുടെ വിശ്വാസങ്ങളെ സ്വീകരിച്ചു. നസ്റാണികളെപ്പോലെ മാർഗ്ഗഭ്രംശത്തിൽ വീഴാൻ വിട്ടില്ല. മറിച്ച്, ഉറപ്പും നിശ്ചയദാർഢ്യവും നല്കി. പാദം ഉറപ്പിച്ചുനിറുത്തിതരുന്നത്, നമ്മുടെ പരിശ്രമത്തിനുള്ള അല്ലാഹുവിന്റെ അനുഗ്രഹമാണ്. നബി(സ)യുടെ സ്വഹാബാക്കളിൽ ആരും മതപരിത്യാഗിയായില്ല. മറ്റു നബിമാരുടെ അംഗങ്ങളിൽ ആയിരങ്ങൾ മതപരിത്യാഗികളായിട്ടുണ്ടായിരുന്നു.

"ചുരുക്കിപ്പറഞ്ഞാൽ, നബി(സ) തിരുമേനിയുടെ റഹീമിയ്യത്തിന്റെ (ദയാവായ്പിന്റെ) സ്വാധീനംകൊണ്ട് സ്വഹാബാക്കളിൽ ചുവടുറപ്പും നിശ്ചയദാർഢ്യവും ഉണ്ടായി. പിന്നീട് മാലിക്കിയൗമിദ്ദീന്റെ പ്രായോഗികമായ വെളിപെടൽ സ്വഹാബാക്കളുടെ ജീവിതത്തിലുണ്ടായി. അതായത്, അല്ലാഹു അവരിലും മറ്റുള്ളവരിലും സത്യാസത്യവിവേചനം സ്ഥാപിച്ചു. അല്ലെങ്കിൽ ഈ ലോകത്ത് അവർക്ക് നല്കപ്പെട്ട ദൈവജ്ഞാനവും ദൈവസ്നേഹവും അവർക്ക് ഈ ലോകത്തുള്ള പ്രതിഫലമായിരുന്നു. ഇനി അല്പം സ്ഥിതി പറയുകയാണ്. അതായത്, സ്വഹാബാക്കളിൽ(റ) ഈ നാല് വിശേഷഗുണങ്ങളുടെയും ദിവ്യജ്യോതിസ്സിന്റെ ദർശനം വിളങ്ങി. പക്ഷേ, കാര്യം വളരെ ചിന്തനീയമാണ്. സ്വഹാബാക്കളുടെ സംഘം, മുന്നേ കഴിഞ്ഞുപോയവർ മാത്രമാണെന്ന് ധരിക്കരുത്. പ്രത്യുത, മറ്റൊരു സംഘം കൂടിയുണ്ട്. അവരെക്കുറിച്ച് അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നു. അവരും സ്വഹാബാക്കളിൽപ്പെട്ടവരാണ്. അവർ അഹ്മദിന്റെ പ്രതിച്ഛായ (ആയരൂപത്തിൽ) വരുന്നയാളുടെ കൂടെയുള്ളവരാണ്. അല്ലാഹു പറഞ്ഞു: ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** (അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു

കൂട്ടരിലും) അതായത് സ്വഹാബാക്കളുടെ ജമാഅത്ത് അന്നുണ്ടായിരുന്നതു മാത്രമാണെന്ന് ധരിക്കരുത്. മറിച്ച്, വാഗ്ദത്ത മസീഹിന്റെ കാലത്തെ ജമാഅത്തും സ്വഹാബാക്കൾ തന്നെയായിരിക്കും. ഈ ആയത്തിനെ സംബന്ധിച്ച് ഖുർആൻ വ്യാഖ്യാതാക്കൾ 'ഇത് വാഗ്ദത്ത മസീഹിന്റെ ജമാഅത്ത് തന്നെയാണെന്ന്' സമ്മതിച്ചിട്ടുണ്ട്. ***മിൻഹും*** (അവരിൽനിന്നുള്ള) എന്ന പദത്തിൽ ഇതു കാണാം. അതായത് അന്തസ്ഥിതമായ ആഭിമുഖ്യവും അനുഗ്രഹലബ്ധിയും സ്വഹാബാക്കളെപ്പോലെ തന്നെയായിരിക്കും. സ്വഹാബാക്കളുടെ ശിക്ഷണം ബാഹ്യമായനിലയിലാണ് നടന്നിരുന്നതെങ്കിലും അതാർക്കും കാണാൻ സാധ്യമല്ല. അവരും നബി(സ) തിരുമേനിയുടെ ശിക്ഷണത്തിന്റെ ഫലമായിരിക്കും. അതുകൊണ്ടാണ് ഉലമാക്കളെല്ലാം ആ സംഘത്തിന്റെ പേര് സ്വഹാബ എന്നുതന്നെ വെച്ചിട്ടുള്ളത്. ഈ നാല് വിശേഷണഗുണങ്ങളുടെ വെളിപ്പെടൽ ആ സ്വഹാബിമാരിൽ ഉണ്ടായതുപോലെതന്നെ, ***ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിമി*** (അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും)ന്റെ പ്രതീകമായ ജമാഅത്തിലെ സ്വഹാബാക്കളിലും ഉണ്ടാകേണ്ടത് നിർബന്ധമായിരുന്നു."

അതിനാൽ, നബി(സ) തിരുമേനിയുടെ ഈ സത്യസന്ധനായ പ്രേമിയിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നവരും, ആ മഹാത്മാവിന്റെ ജീവിതകാലത്ത് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നവരും, ഭാഗ്യവാന്മാരാണ്. ആത്മീയക്ഷീരം കൊണ്ടുവരുന്ന മസീഹിനെ അവർ തിരഞ്ഞുനടക്കുകയായിരുന്നു. മുസ്‌ലിംകളിൽ ഒരു വലിയ വിഭാഗം വിശുദ്ധഖുർആന്റെ അധ്യാപനങ്ങളിൽനിന്ന് അകന്നുപോയിക്കഴിഞ്ഞിരുന്നു, നബി(സ)യുടെ പ്രവചനമനുസരിച്ച് സത്യവിശ്വാസം കാർത്തികനക്ഷത്രത്തിൽ എത്തിക്കഴിഞ്ഞിരുന്നു. അപ്പോൾ അല്ലാഹു തആല വീണ്ടും തന്റെ പരിപാലനമെന്ന വിശേഷഗുണത്തിന്റെ പ്രതീകമായിക്കൊണ്ട് കാലത്തിന്റെ മസീഹിനെ ലോകത്തേക്കയച്ചു. അദ്ദേഹവും തന്റെ യജമാനനെപ്പോലെ വിശുദ്ധഖുർആന്റെ അധ്യാ

പനങ്ങളിൽനിന്ന് നിർഗമിച്ച പ്രകാശംകൊണ്ട് തന്റെ സ്വഹാബാക്കളെ പോറ്റിവളർത്തി. ഇത് അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് എന്ന വിശേഷഗുണത്തിന്റെ ഫലമായിരുന്നു. ആ മഹാത്മാവിനെയും നബി(സ)യുടെ പ്രതീകമാക്കിക്കൊണ്ട്, വിശുദ്ധഖുർആന്റെ ദിവ്യജ്ഞാനങ്ങളുടെ നദിയൊഴുക്കി. '***ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തി***' (നുബുവ്വത്തിന്റെ പാതയിലൂന്നിയ ഖിലാഫത്ത്)ന്റെ അനുഗ്രഹത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന തുടക്കം കുറിച്ചു എന്നതും റഹ്മാനിയ്യത്തിന്റെ ഫലമാണ്. ഇത് ഖിയാമത്തുന്നാൾവരെ ഒപ്പമുണ്ടാകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു.

'റഹീമിയ്യത്ത്' എന്ന വിശേഷഗുണത്തിന്റെ പ്രകടനവും ഉണ്ടായി. അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ തന്റെ വാഗ്ദാനമനുസരിച്ച് ആദ്യം വന്നവരുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട്, സ്വഹാബാക്കളുടെ ജമാഅത്ത് അദ്ദേഹത്തിന് നല്കിയിരിക്കുന്നു. അവർ സ്ഥിരചിത്തതയുടേയും ത്യാഗങ്ങളുടേയും ഉന്നതമായ മാതൃകകൾ സ്ഥാപിച്ചു. ആരാധനാകർമ്മങ്ങളിൽ മുന്നോട്ടു കുതിക്കാൻ അവർ ശ്രമിച്ചു. ഈ ശ്രമങ്ങൾ കാരണത്താൽ, റഹീമിയ്യത്തിൽനിന്ന് അനുഗ്രഹം പറ്റുന്നവരായി. അല്ലാഹുവിന്റെ അനവധി അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരുമായി. ഈ റഹീമിയ്യത്തിന്റെ അനുഗ്രഹം ഇന്നും ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഈ നീതിമാനായ വിധികർത്താവുമായി ബന്ധം വയ്ക്കുന്നവരും അല്ലാഹുവിന്റെ അധ്യാപനങ്ങൾ അനുസരിച്ച് ജീവിക്കുന്നവരും, ഇന്നും ആ മുമ്പേയുള്ളവർ നേടിയെടുത്ത അനുഗ്രഹങ്ങളെയും പാരിതോഷികങ്ങളെയും പ്രാപിക്കുന്നവരായിത്തീരും. ***മാലിക്കിയൗമിദ്ദീൻ*** എന്നതിൽ അടങ്ങിയിരിക്കുന്ന വിഷയം മനസ്സിലാക്കിക്കൊണ്ട് സ്വന്തം കർമ്മങ്ങളെ അവന്റെ പാഠമനുസരിച്ച് അനുഷ്ഠിക്കുവോളം ഈ അനുഗ്രഹം പ്രാപിച്ചുകൊണ്ടേയിരിക്കും. ഇതിന്റെ ഫലമായി, അല്ലാഹുവിന്റെ സ്നേഹത്തേയും അവനെക്കുറിച്ചുള്ള ജ്ഞാനത്തേയും എല്ലാറ്റിനേക്കാളും മുന്തിച്ചുനിറുത്തുന്നതാണ്. ഈ ദൈവജ്ഞാനവും ദൈവസ്നേഹവും തന്നെയാണ്,

പ്രതിഫലമായിക്കൊണ്ട് നമ്മെ മറ്റുള്ളവരിൽനിന്നെല്ലാം ശ്രേഷ്ഠരാക്കിത്തീർക്കുന്നത്. ഈ പാരിതോഷികങ്ങളുടെ പരമ്പര തലമുറ തലമുറയായി തുടർന്നുകൊണ്ടേപോകും.

അതിനാൽ, ഫാത്തിഹ അധ്യായത്തിൽ വിവരിച്ചിട്ടുള്ള നാല് സവിശേഷഗുണങ്ങളിലും അന്തർലീനമായിരിക്കുന്ന ഈ വിഷയത്തെ മുന്നിൽവച്ചുകൊണ്ട്, ഒരിക്കലും അവസാനിക്കാത്ത അല്ലാഹുവിന്റെ അനുഗ്രഹപരമ്പര എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നതിനായി ഓരോ അഹ്മദിയും ജീവിക്കാൻ ശ്രമിക്കേണ്ടതാണ്.

അല്ലാഹുവിന്റെ ഔദാര്യത്താൽ, അവൻ തന്റെ അനുഗ്രഹംകൊണ്ട് നമ്മെ കടാക്ഷിക്കാനും നമ്മുടെ ആരാധന തന്റെ അനുഗ്രഹം കൂടാതെ നമുക്കൊട്ടും പ്രയോജനപ്പെടുകയില്ലെന്ന് പറയാനും വേണ്ടി ***ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ*** (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു) എന്ന ദുആ അവൻ പഠിപ്പിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി പറയുന്നു:

"നോക്കുക, അല്ലാഹുതആല ***ഇയ്യാക്ക നഅ്ബുദു*** എന്ന് ചൊല്ലിക്കൊണ്ടിരിക്കാൻ പറഞ്ഞു. മനുഷ്യൻ തന്റെ ശക്തിയാണ് എല്ലാമെന്ന് മനസ്സിലാക്കി പ്രവർത്തിക്കുകയും അങ്ങനെ അല്ലാഹുവിൽനിന്ന് അകന്നുപോകുകയും ചെയ്യാനിടയുണ്ടായിരുന്നു. അതുകൊണ്ട് ഉടനെ ***ഇയ്യാക്ക നസ്തഈൻ*** എന്നു ചൊല്ലിക്കൊണ്ടിരിക്കാനും പറഞ്ഞു. അതായത് താൻ അനുഷ്ഠിക്കുന്ന ഈ ആരാധനാകർമ്മങ്ങൾ തന്റെ ശക്തിയും കഴിവുംകൊണ്ടാണെന്ന് മനസ്സിലാക്കരുത്. അങ്ങനെ ഒരിക്കലുമല്ല. മറിച്ച്, അല്ലാഹുവിന്റെ സഹായം ഇല്ലാത്തിടത്തോളം, ആ പരിശുദ്ധൻ കാര്യശേഷിയും ശക്തിയും നല്കാത്തിടത്തോളം ഒന്നും നടക്കുകയില്ല."

അതിനാൽ, ഇങ്ങനെയും ആവർത്തിച്ചാവർത്തിച്ച് ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവേ, മസീഹ് മൗഊദു(അ)മായിട്ട്

നിന്റെ പാരിതോഷികങ്ങൾ നീ പ്രത്യേകപ്പെടുത്തിയിരിക്കുകയാണ്. അത് കരസ്ഥമാക്കുവാൻ നിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കണമെന്നും നിന്നെ ആരാധിക്കണമെന്നും നീ നിബന്ധന വെച്ചിട്ടുമുണ്ട്. ഈ പ്രാർത്ഥനയും ആരാധനകളും എത്ര ശ്രമിച്ചാലും നീ പറഞ്ഞതുപോലെ നിർവ്വഹിക്കാൻ നിന്റെ സഹായമില്ലെങ്കിൽ ഞങ്ങൾക്ക് സാധിക്കുകയില്ല. അതിനാൽ ഈ ആരാധനകളുടെ ഉയർന്ന നിലവാരം കരസ്ഥമാക്കാനും നിന്റെ പാരിതോഷികങ്ങളിൽ എപ്പോഴും ഭാഗഭാക്കായിക്കൊണ്ടിരിക്കാനും ഞങ്ങളെ സഹായിക്കേണമേ. നിന്നെ ആരാധിച്ചുകൊണ്ട്, നേരായമാർഗ്ഗത്തിൽ എപ്പോഴും ചലിച്ചുകൊണ്ടിരിക്കാൻ നിന്റെ സഹായം എപ്പോഴും ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കേണമേ. ഈ സന്മാർഗ്ഗത്തിലൂടെ നടക്കുന്നതിനുവേണ്ടിയാണ് ***ഇഹ്ദിനസ്സിറാത്തൽമുസ്തഖീം*** എന്ന ദുആ പഠിപ്പിച്ചിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദൈവികവചനമായ ***ഇഹ്ദിനസ്സിറാത്തൽമുസ്തഖീം*** എന്നതിന്റെ അർത്ഥം ഇങ്ങനെയാണ്. (ഞങ്ങളുടെ രക്ഷിതാവേ) ഞങ്ങൾക്ക് നേരായവഴി കാണിച്ചുതരേണമേ. നിന്റെ തിരുസന്നിധിവരെ എത്തുന്നതും നിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതുമായ വഴിയിൽ ഞങ്ങളെ നിലനിറുത്തേണമേ."

അല്ലാഹുവിൽനിന്ന് അനുഗ്രഹം പ്രാപിച്ചവരുടെ വഴിയാണ് അല്ലാഹുവിലോളം എത്തിക്കുന്ന വഴി. അതിനാൽ നാം ഭാഗ്യവാന്മാരാണ്. നാം ഇക്കാലഘട്ടത്തിൽ, അല്ലാഹുവിൽനിന്ന് അനുഗ്രഹവും പാരിതോഷികവും ലഭിച്ചയാളെ വിശ്വസിക്കുന്നവരാണ്. ആ മഹാത്മാവിനോട് 'ഞാൻ നിന്നോടൊപ്പമുണ്ട്' എന്ന് അല്ലാഹു പറഞ്ഞു. അദ്ദേഹത്തെ പിന്തുണച്ചുകൊണ്ട്, നബി(സ) പ്രവചിച്ച ദൃഷ്ടാന്തങ്ങൾ അല്ലാഹു കാണിച്ചു. അതിലൊന്ന് സൂര്യചന്ദ്രഗ്രഹണമായിരുന്നു. അത് അതിന്റെ സമയത്തുത്തന്നെ പുലർന്നു. നബി(സ) പ്രവചിച്ച വരേണ്ടുന്നതായ മസീഹും ഖാത്തമുൽഖുലഫാഉം വന്നു എന്നതിനെ വിശ്വസിക്കാതിരിക്കാൻ ഇനി നമുക്ക് ഒരു കാരണവുമില്ല. ആ മഹാത്മാവിനെ വിശ്വസിക്കുക എന്നത്

ശിക്ഷയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമാണ്. നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച്, ശിക്ഷയിൽനിന്ന് രക്ഷ പ്പെടുന്നവർ മാത്രമാകാതെ ഈ ദുആയുടെ ഫലമായി അന ശ്വരമായനിലയിൽ, അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് എന്നെന്നേക്കും നിലനില്ക്കുന്ന ഖിലാഫത്തിന് തുടക്കം കുറിച്ച ആ മഹാത്മാക്കളിൽപ്പെട്ടിരിക്കുകയുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശ്വസിക്കു കയും സൽക്കർമ്മം ചെയ്യുകയും ചെയ്യുന്നവരോട്, അല്ലാഹു തആല തന്റെ അനുഗ്രഹംകൊണ്ട് ഈ ലോകത്ത് അവരെ തീർച്ചയായും ഖലീഫമാരാക്കുമെന്ന് വാഗ്ദാനം ചെയ്തിരി ക്കുന്നു; അവൻ സൽക്കർമ്മകാരികളേയും മുത്തഖിംകളേയും ഖലീഫമാരാക്കിയതുപോലെ. വിശുദ്ധഖുർആനിൽ നൂർ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

***വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സ്വാ ലിഹാത്തി ലയസ്തഖ്‌ലിഫന്നഹും ഫിൽഅർളി കമസ്തഖ്‌ല ഫല്ലദീന മിൻ ഖബ്‌ലിഹിം.*** ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മുസ്‌ലിംകളിൽ ഖിയാമത്തുന്നാൾവരെ ഖലീഫമാർ വന്നുകൊണ്ടിരിക്കുമെന്ന് ഇതിൽനിന്ന് സ്ഥാപിതമാകുന്നു. ആകാശത്തുനിന്ന് ആരും വരികയില്ല. മറിച്ച് അവരെല്ലാവരും ഈ ഉമ്മത്തിൽനിന്ന് നിയോഗിക്കപ്പെടുന്നതായിരിക്കും.'' പ്രവ ചനമനുസരിച്ച് വരേണ്ട മസീഹും മഹ്ദിയും ഖാത്തമുൽ ഖുല ഫാഉം, ഈ ഉമ്മത്തിൽനിന്നുതന്നെയാണ് നിയോഗിക്കപ്പെടേ ണ്ടിയിരുന്നത്. നബി(സ) തിരുമേനിയുടെ പ്രവചനമനുസരി ച്ച്, 14-ാം നൂറ്റാണ്ടിൽ മസീഹും മഹ്ദിയും ഖാത്തമുൽഖുല ഫാഉം നിയോഗിതനായി. അല്ലാഹു തന്റെ വാഗ്ദാനം പൂർത്തി യാക്കി. ആ മഹാത്മാവിനെ വിശ്വസിക്കുന്നവർ സമാധാന ത്തിൽ വന്നു. ആ മഹാത്മാവ് തന്റെ ഗ്രന്ഥമായ അൽവസിയ്യ ത്തിൽ 'ഞാൻ പോയതിനുശേഷം രണ്ടാമത്തെ ശക്തിപ്രഭാ വവും കാണുന്നതാണ്' എന്നും 'അതിന്റെ പരമ്പര അനശ്വര മാണെന്നും' പറഞ്ഞതുപോലെ ആ വാഗ്ദാനവും അല്ലാഹു പൂർത്തീകരിച്ചതായി കഴിഞ്ഞ നൂറുവർഷമായിട്ട് നാം കണ്ടു

വരുന്നു. അതുകൊണ്ട് ഈ പാരിതോഷികത്തിൽനിന്ന് എപ്പോഴും ഫലമെടുത്തുകൊണ്ടിരിക്കാൻ അല്ലാഹു നമുക്ക് കഴിവ് നല്കുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ കോപത്തിനു കീഴിൽ വരുമാറാകുന്ന ഒരു കർമ്മവും നമ്മളിൽനിന്നുണ്ടാകാതിരിക്കട്ടെ. വഴിപിഴച്ചവരിൽപെട്ടുപോകാതെയുമിരിക്കട്ടെ.

ഫാത്തിഹ അധ്യായം, ഖിലാഫത്തുമായി ബന്ധപ്പെടുത്തിയും ചിന്തിച്ചും പാരായണം ചെയ്യേണ്ട പ്രാർത്ഥനയാണ്. പ്രാർത്ഥനകളിൽ സ്വലാത്ത് ചൊല്ലാനും പറഞ്ഞിരുന്നു.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا
صَلَّيْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ
اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ
كَمَا بَارَكْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ

ഈ സ്വലാത്തിന്റെ പ്രാധാന്യം എത്രമാത്രമാണെന്നും അതിൽനിന്ന് എന്തെന്തൊക്കെ അനുഗ്രഹമാണ് നമുക്ക് ലഭിക്കുന്നതെന്നും നബി(സ) തിരുമേനി പറയുന്നു: "എന്റെമേൽ സ്വലാത്ത് ചൊല്ലുക. എന്റെമേൽ സ്വലാത്ത് ചൊല്ലുക എന്നത് നിങ്ങളുടെതന്നെ പരിശുദ്ധിയ്ക്കും പുരോഗതിയ്ക്കുമുള്ള മാർഗ്ഗമാണ്."

അതിനാൽ മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട് മനഃപരിശുദ്ധി വരുത്തുക എന്നതുതന്നെയാണ് യഥാർത്ഥ ഉദ്ദേശ്യം. ഇതിനുള്ള കുറിപ്പടി നബി(സ) നമുക്ക് പറഞ്ഞുതന്നത്, തന്നിൽ സ്വലാത്ത് ചൊല്ലുക എന്നാണ്. അത് നിങ്ങളുടെ പരിശുദ്ധിയ്ക്ക് കാരണമാകും. നിങ്ങൾക്ക് ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിയുണ്ടാകും. സ്വർഗ്ഗത്തിലേക്കുള്ള വഴിയിലേക്ക് അല്ലാഹു മാർഗ്ഗദർശനം നല്കുന്നതാണ്. ഇതുസംബന്ധമായി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറ

ഞ്ഞു, "എന്റെമേൽ സ്വലാത്ത് ചൊല്ലാത്തവർ സ്വർഗ്ഗത്തിലേക്കുള്ള വഴി കളഞ്ഞുകുളിച്ചിരിക്കുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴി ഏതാണ്? ഇത് അല്ലാഹുവിന്റെ പ്രീതിയുടെ വഴിയാണ്. ദുൻയാവിലും ആഖിറത്തിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാവണം. പക്ഷേ, ഇത് സ്വലാത്തിന്റെ വാക്കുകളെ മനസ്സിലാക്കിക്കൊണ്ട് ഹൃദയംഗമമായ നിലയിൽ ചൊല്ലേണ്ടത് അനിവാര്യമാണ്. നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: 'ആരാണോ എന്നിൽ ആത്മാർത്ഥതയോടുകൂടി സ്വലാത്ത് ചൊല്ലുന്നത് അവനിൽ അല്ലാഹു 10 പ്രാവശ്യം ആശംസകൾ നേരുന്നതാണ്; അവന് 10 പദവികൾ ഉയർത്തുന്നതാണ്. അവന് 10 നന്മകൾ എഴുതപ്പെടുന്നതുമാണ്."

ഈ സ്വലാത്തുതന്നെയാണ് ഉന്നതമായ നിലയിലേക്ക് നമ്മെ ഉയർത്തിക്കൊണ്ടുപോകുന്നത്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വലാത്തിന്റെ പ്രാധാന്യം എങ്ങനെയാണ് നമുക്ക് വ്യക്തമാക്കിത്തന്നത്. ഇതുസംബന്ധമായി ആ മഹാത്മാവ് തനിക്കുണ്ടായ ഒരു ഇൽഹാം, ***വ കാന അംറുല്ലാഹി മഫ്ഊല*** (അല്ലാഹു എന്തൊന്ന് ഉദ്ദേശിച്ചുവോ അത് നടക്കേണ്ടതുതന്നെയായിരുന്നു) എന്നതിനെ വിവരിച്ചതിനുശേഷം തുടർന്നു പറയുന്നു: "പിന്നീടുണ്ടായ ഇൽഹാം ഇതാണ്. ***സ്വല്ലിഅലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ സയ്യിദി വുൽദെ ആദം വ ഖാത്തമുന്നബിയ്യീൻ***. സ്വലാത്ത് ചൊല്ലുക, മുഹമ്മദിന്റേയും കുടുംബമിത്രാദികളുടേയുംമേൽ; അദ്ദേഹം ആദം സന്തതികളുടെ നേതാവാണ്. ഖാത്തമുൽഅമ്പിയാ(സ)യുമാണ്." ഇത് സൂചിപ്പിക്കുന്നത്, ഈ എല്ലാ പദവികളും ശ്രേഷ്ഠതകളും കാരുണ്യങ്ങളും അദ്ദേഹത്തിന്റെ അനുഗ്രഹത്താലാണ് ലഭിക്കുക എന്നാണ്. അദ്ദേഹത്തെ സ്നേഹിക്കുന്നതിനുള്ള വേതനമാണ്. സുബ്ഹാനല്ലാഹ്, ഈ ലോകനായകന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ എത്ര വലിയ പദവികളാണുള്ളത്. എത്തരത്തിലുള്ള സാമീപ്യമാണുള്ളത്. അദ്ദേഹത്തെ പ്രേമിക്കുന്നയാൾ അല്ലാഹുവിന്റെ പ്രേമിയായി

ത്തീരുന്നു. അദ്ദേഹത്തിന്റെ പരിചാരകൻ ഒരു ലോകത്തിന്റെ യജമാനനായിത്തീരുന്നു. അതായത്, അദ്ദേഹത്തെ സ്നേഹിക്കുന്നയാളെ അല്ലാഹുവും സ്നേഹിക്കുന്നു. തന്റെ നബിയുടെ സേവകനെ സേവിക്കാൻ ഒരു ലോകംതന്നെ തയ്യാറാക്കപ്പെടുന്നു. ഇവിടെ എനിക്കോർമ്മവന്നു, 'ഒരു രാത്രി ഈ വിനീതൻ അധികമായി സ്വലാത്തുചൊല്ലി. എത്രമാത്രമെന്നുവെച്ചാൽ, മനസ്സും ജീവനും അതുകൊണ്ട് പരിമളമായിത്തീർന്നു. ആ രാത്രിയിൽ സ്വപ്നത്തിൽ കണ്ടു, സ്വച്ഛമായ ജലത്തിന്റെ രൂപത്തിൽ പ്രകാശത്തിന്റെ കുടങ്ങൾ ഈ വിനീതന്റെ വീട്ടിൽ മലക്കുകൾ കൊണ്ടുവരുന്നു. അവരിലൊരാൾ പറഞ്ഞു, നീ മുഹമ്മദി(സ)ലേക്കയച്ചതിന്റെ അനുഗ്രഹമാണിത്.'

ഇതുപോലെതന്നെ മറ്റൊരു അത്ഭുതസംഭവം ഓർമ്മവന്നു. ഒരിക്കൽ ഇൽഹാമുണ്ടായി, അതിന്റെ അർത്ഥം ഇങ്ങനെയായിരുന്നു. മലഉൽ അഅ്ലായിലെ ആളുകൾ ഭിന്നതയിലാണ്. അതായത്, ദൈവികോദ്ദേശ്യം ദീനിന്റെ ജീവനത്തിനായി തിളച്ചുമറിയുകയാണ്. പക്ഷേ, ദീനിന്റെ പ്രവർത്തകനെ തീരുമാനിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അവർ വിഭിന്നാഭിപ്രായത്തിലാണ്. ഇതിനിടയിൽ സ്വപ്നത്തിൽകണ്ടു, ജനങ്ങൾ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ അന്വേഷിച്ചു ചുറ്റിക്കറങ്ങുകയാണ്. ഒരാൾ ഈ വിനീതന്റെയടുക്കൽ വന്നു, എന്നെ ചൂണ്ടിക്കൊണ്ട് അയാൾ പറഞ്ഞു: ***ഹാദാ റജുലുൻ യുഹിബ്ബുറസൂലല്ലാഹ്***. ഈയാളാണ് നബി(സ) തിരുമേനിയെ സ്നേഹിക്കുന്നത്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഈ സ്ഥാനം പ്രാപിക്കുന്നതിനുള്ള നിബന്ധന, നബിയോടുള്ള സ്നേഹമാണ് എന്നതാണ്. അത് ഈ വ്യക്തിയിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, ദീനിന്റെ ജീവനത്തിനായി അല്ലാഹു നിയോഗിച്ച ഇക്കാലത്തെ ഇമാമിനും അവസാനകാലത്തെ മസീഹിനും ഈ സ്ഥാനം ലഭിച്ചത്, അദ്ദേഹം തന്റെ യജമാനരായ മുഹമ്മദ് മുസ്തഫാ(സ)യോടുള്ള സ്നേഹത്തിൽ മുഴുകുകയും ആ മഹാത്മാവിന്റെമേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തതുകൊണ്ടാണ്. ഇന്നും അല്ലാഹുവിന്റെ പാരിതോഷികങ്ങളിൽ

നിന്നും അനുഗ്രഹങ്ങളിൽനിന്നും ഫലം പറ്റാൻ, മസീഹ് മൗഊദിന്റെ ജമാഅത്തിൽ ചേർന്നതിനുശേഷം ഈ കുറിപ്പടിതന്നെ നാം ഉപയോഗിക്കേണ്ടതായി വരും. ഖിയാമത്തുനാൾവരെ ആ അനുഗ്രഹങ്ങളുടെ അവകാശികളായിരിക്കുന്നതിന് നമുക്ക് സത്യഹൃദയത്തോടും ആത്മാർത്ഥമായ ഉദ്ദേശ്യത്തോടുംകൂടി നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലേണ്ടിവരും. അതിനാൽ ഓരോ അഹ്മദിയും തങ്ങളുടെ എല്ലാ പ്രാർത്ഥനയെക്കാളും ഈ ദുആയെ മുന്തിക്കേണ്ടതാണ്. എന്നാൽ, ആത്മീയമായ പടവുകൾ തരണം ചെയ്യുന്നതിനോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരൂപിച്ചുകൊണ്ട് തങ്ങളുടെ ദുആ സ്വീകാര്യതയുടെ അടയാളവും കാണുന്നവരായിത്തീരും. അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും തന്റെമേൽ സ്വലാത്തു ചൊല്ലിക്കൊണ്ടും ചെയ്യപ്പെടുന്ന പ്രാർത്ഥന, നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് കാരണമായിത്തീരുമെന്ന് അല്ലാഹുവിന്റെ റസൂൽ(സ) നമുക്ക് ഉറപ്പുതന്നിരിക്കുന്നു. എന്നാൽ, മുമ്പേ പറഞ്ഞതുപോലെ ആത്മാർത്ഥത അതിനു നിബന്ധനയാണ്. ആത്മാർത്ഥതയോടുകൂടി ഈ വാക്കുകളുടെ അഗാധതലത്തെക്കുറിച്ചും അതിന്റെ തത്ത്വശാസ്ത്രത്തെക്കുറിച്ചും അറിവുണ്ടായാൽ, ഹൃദയവേദനയോടെ പ്രാർത്ഥന പുറപ്പെട്ട് വെളിയിൽ വരുന്നതാണ്. അതുകൊണ്ട് ഞാനിതിനെ അല്പം വിശദീകരിക്കാം.

നിഘണ്ടു ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ, ***അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ*** എന്ന പ്രാർത്ഥനയുടെ അർത്ഥം ഇങ്ങനെയാണ്: അല്ലാഹുവേ, നീ മുഹമ്മദ് (സ)ന്, ഈ ലോകത്ത് ആ മഹാത്മാവിന്റെ പേര് ഉയർത്തിയും, ആ മഹാത്മാവിന്റെ സന്ദേശത്തിന് വിജയം നല്കിയും, ആ പുണ്യാത്മാവിന്റെ ശരീഅത്തിന് അനശ്വരതയും അമരത്വവും നിശ്ചയിച്ചും മഹത്വം നല്കേണമേ. പരലോകത്ത് സമുദായത്തിനുവേണ്ടിയുള്ള ആ മഹാത്മാവിന്റെ ശിപാർശ സ്വീകരിച്ചുകൊണ്ട് അവരുടെ പ്രതിഫലം അനവധി ഇരട്ടിയാക്കി നല്കി അവർക്ക് മഹത്വം നല്കേണമേ.

നിഘണ്ടുകർത്താക്കൾ പറയുന്നു, നബികരീം(സ) ന്റെ മേൽ സ്വലാത്ത് ചൊല്ലുന്നതിനെക്കുറിച്ച് ഹദീഥിൽ ***ബാരിക് അലാ മുഹമ്മദിൻ വ അലാ ആലിമുഹമ്മദിൻ*** എന്ന് വന്നിട്ടുണ്ട്. ഇതിന്റെ അർത്ഥം അല്ലാഹുവേ, നീ ഏതൊരു ആദരവും മഹത്ത്വവും മഹത്തായ അന്തസ്സും നബി(സ) തിരുമേനിക്ക് വിധിച്ചിട്ടുണ്ടോ, അത് ആ മഹാത്മാവിനുവേണ്ടി നിലനിറുത്തേണമേ. അതിന് അനശ്വരതയും അമരത്ത്വവും നല്കേണമേ. ഇപ്പറഞ്ഞത് രണ്ടും ഏകദേശം സാദൃശ്യമുള്ളതാണ്. ചിലർ പറയുന്നത്, നബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലാനുള്ള അല്ലാഹുവിന്റെ കല്പന പൂർണ്ണമായും അതിന്റേതായ നിലയിൽ നിർവ്വഹിക്കാൻ നാം അശക്തരാണ്, അതുകൊണ്ട് നാം ഇക്കാര്യം അല്ലാഹുവിനെ ഏല്പിച്ചുകൊണ്ട്, ഇങ്ങനെ ദുആ ചെയ്യുന്നു: അല്ലാഹുവേ, നീ തന്നെ മുഹമ്മദ്(സ)ന്റെമേൽ കരുണ ചൊരിഞ്ഞാലും. കാരണം അദ്ദേഹം എന്തിനാണ് കൂടുതൽ അർഹനെന്ന് ഏറ്റവും നന്നായി അറിവുള്ളവൻ നീയാണ്. ഈ പ്രാർത്ഥനയെ പരിമിതപ്പെടുത്താൻ കഴിയുകയില്ല. വിശുദ്ധഖുർആനിലെ വചനമായ ***ഇന്നല്ലാഹ വ മലായിക്കത്തഹൂ യുസ്വല്ലൂന അലന്നബിയ്യ് യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ*** എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)യുടെമേൽ അനുഗ്രഹാശംസകൾ നേരുന്നു. നിങ്ങൾ നബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലുക. ഈ ആയത്തിൽനിന്ന്, നബി(സ)യുടെമേൽ കർമ്മങ്ങളുടെ സ്തുതിയും വിശേഷതകളും പരിമിതപ്പെടുത്തുന്നതിനായി അല്ലാഹു പ്രത്യേകമായ പദം ഉപയോഗിച്ചില്ലെന്നത് വ്യക്തമാണ്. ആ മഹാത്മാവിന്റെ റൂഹിൽ സത്യസന്ധതയും നിർമ്മലതയും ഉണ്ടായിരുന്നു. അല്ലാഹുവിന് ആ മഹാത്മാവിന്റെ കർമ്മങ്ങൾ എത്രമാത്രം പ്രിയങ്കരമായിരുന്നുവെന്നുവെച്ചാൽ അല്ലാഹു എല്ലാവരോടും വരുംതലമുറയോടും നന്ദി എന്ന നിലയിൽ ആ മഹാത്മാവിന്റെമേൽ സ്വലാത്ത് ചൊല്ലാൻ കല്പിച്ചു. അതായത്, ***സ്വല്ലി അലാ മുഹമ്മദിൻ*** എന്നതിന്റെ

അർത്ഥത്തെ വിശാലമാക്കാൻ കഴിയുന്നത്ര വിശാലമാക്കുക. നമ്മുടെ ചിന്തക്കതീതമായിട്ടുള്ള എല്ലാത്തരം അനുഗ്രഹങ്ങളും നബി(സ)യുടെമേൽ ഇറക്കിയാലും. ഇങ്ങനെ സ്വലാത്ത് ചൊല്ലിക്കൊണ്ട് ഒരു സത്യവിശ്വാസിയുടെ മനസ്സിൽ നന്ദിയുടെ വികാരങ്ങൾ ഉണ്ടാകുമ്പോൾ, അതായിരിക്കും ആത്മാർത്ഥതയോടെയുള്ള സ്വലാത്ത്. അത് ചെയ്യുന്നയാൾക്ക്, അയാളുടെ പ്രാർത്ഥന സ്വീകരിക്കുന്നതിനും പ്രയോജനപ്പെടുന്നതായിരിക്കും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വലാത്തിന് അതിസൂക്ഷ്മമായ വ്യാഖ്യാനം നല്കിയിട്ടുണ്ട്. അത് ഞാൻ ചുരുക്കി വിവരിക്കാം. “നബി(സ) തിരുമേനി ഖാത്തമുൽ അമ്പിയാഅ് ആകുന്നു. ആ മഹാത്മാവിന്റെ അധ്യാപനം എല്ലാ നബിമാരുടെ അധ്യാപനങ്ങളെയും വലയം ചെയ്തിരിക്കുന്നു. എന്നല്ല, വിശുദ്ധഖുർആനിൽ ആദ്യജനതകൾക്ക് അറിയാൻ കഴിയാതിരുന്ന കാര്യങ്ങൾപോലും വിവരിച്ചിരിക്കുന്നു. ആ മഹാത്മാവിന്റെ കാലം ഖിയാമത്തുനാൾവരേക്കും വ്യാപിച്ചുനില്ക്കുന്നു. പിന്നെന്തിന് സ്വലാത്തിൽ, ***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീം*** എന്ന് പ്രാർത്ഥിക്കാൻ നമ്മോട് പറഞ്ഞതെന്നും ഈ ***കമാ*** എന്ന പദം എന്തിനുപയോഗിച്ചുവെന്നുമുള്ള ഒരു ചോദ്യമുണ്ടായേക്കാം. അതായത് ഇബ്റാഹീമിനുമേൽ നിന്റെ അനുഗ്രഹം ഉണ്ടായതുപോലെ, നബി (സ)യുടെമേലും അനുഗ്രഹം ചൊരിഞ്ഞാലും. ഇവിടെ മനസ്സിലാക്കേണ്ടിയിരിക്കുന്നത് കമാ എന്നതിന്റെ ഉൾസാരം ഇവിടെ സമാനസ്ഥിതിയുടേതല്ല. പ്രത്യുത, ഇതിന്റെ അർത്ഥം ഏതുപോലെ ഇബ്റാഹീം(അ) തന്റെ വ്യക്തിത്ത്വത്തിൽ പൂർണ്ണനായതുപോലെ, നബി(സ)യും തന്റെ വ്യക്തിത്ത്വത്തിൽ പൂർണ്ണനാകുക എന്നതാണ്. ഹദ്റത്ത് ഇബ്റാഹീം(അ) ഇസ്റായീലിലെ നബിയായിരുന്നു. ഗോത്രപ്രവാചകന്മാരിൽ ഹദ്റത്ത് ഇബ്റാഹീം(അ) പരിപൂർണ്ണത പ്രാപിച്ചിരുന്നു. നബി(സ) മുഴുലോകത്തിനുമായിട്ടാണ് അയക്കപ്പെട്ടത്. അപ്പോൾ സർവ്വലോകാടിസ്ഥാനത്തിൽ പൂർണ്ണത പ്രാപിക്കും വിധത്തിലുള്ള അനുഗ്രഹങ്ങൾ അദ്ദേഹ

ത്തിന്റെമേലും നീ ചൊരിഞ്ഞാലും. കാരണം നബി(സ) ഒരു ഗോത്രത്തിനുവേണ്ടി വന്നയാളല്ല. പ്രത്യുത, ലോകത്തിനു മുഴുവൻ നബിയായിട്ടാണ് നിയോഗിക്കപ്പെട്ടത്. അതുകൊണ്ട് മുഴുലോകത്തും തികവുറ്റതാകുക എന്നത് തീർച്ചയായും പദവിയിൽ ഇബ്റാഹീ(അ)മിനെക്കാൾ വലുതുതന്നെയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെയും പറഞ്ഞു. അല്ലാഹുവിന്റെ ഏകത്വം ആ നാട്ടിൽ സ്ഥാപിതമാകണമെന്ന അതിയായ ആവേശത്താൽ തന്റെ ഒരു മകനെ ഹദ്റത്ത് ഇബ്റാഹീം(അ) ആൾവാസമുള്ള ഒരു രാജ്യത്ത് അല്ലാഹുവിന്റെ സന്ദേശമെത്തിക്കാൻ അയച്ചു. രണ്ടാമത്തെ മകനെ കൃഷിയൊന്നുമില്ലാത്തതായ മക്കയിലെ മരുഭൂമിയിൽ ഉപേക്ഷിച്ചുപോന്നു; ആ ഒന്നുമില്ലാത്തതും, എന്നാൽ, ഭാവിയിൽ ജനവാസയോഗ്യമായിത്തീരാൻ പോകുന്നതുമായ ആ നാട്ടിൽ അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനുവേണ്ടി. വന്നുംപോയുമിരിക്കുന്ന യാത്രക്കാർക്കും അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിനുവേണ്ടി. നഗരങ്ങളിലും മരുപ്രദേശങ്ങളിലും ഏകനായ ദൈവത്തിന്റെ ചർച്ചയുണ്ടാകണമെന്നുള്ള അതിയായ ആവേശം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഈ ആവേശത്തെ മാനിച്ചുകൊണ്ട് അല്ലാഹു ഒരു ദീർഘകാലത്തിനുശേഷം ഈ മരുപ്രദേശത്ത് ജനവാസമുണ്ടാക്കി. നാം സ്വലാത്തിൽ,

اللهم صل على محمد وعلى آل محمد كما
صليت على إبراهيم وعلى آل إبراهيم إنك حميد مجيد

***അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജിദ്*** എന്നു പറയുമ്പോൾ, ഇബ്റാഹീം(അ)ന്റെ ആ ആവേശവും വികാരവും നമുക്ക് ഓർമ്മവരേണ്ടതാണ്. അതിനോടൊപ്പം ഏതുപോലെ ഇബ്റാഹീം(അ) തന്റെ നാട്ടിൽ അല്ലാഹുവിന്റെ നാമം ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചുവോ, അതുപോലെ ഇന്ന്

നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരായ നമ്മുടെ ഉള്ളിലും ആ മഹാത്മാവിന്റെ സന്ദേശം നഗരങ്ങളിലും മറ്റു സ്ഥലങ്ങളിലും എത്തിക്കണമെന്ന വികാരം അലയടിക്കേണ്ട താണ്. ലോകത്തിന്റെ മുക്കിലും മൂലയിലും അതെത്തിക്കണം. എല്ലായിടത്തും അല്ലാഹു അക്ബറിന്റെ ധ്വനി മുഴക്കണം. നാം ഈ സ്വലാത്ത് ചൊല്ലുന്നതിനോടൊപ്പം ഇബ്റാഹീം (അ)ന്റെ മക്കൾ അദ്ദേഹം ഏല്പിച്ച ജോലി പൂർണ്ണമായും നിറവേറ്റി, ഇന്ന് നബി(സ) തിരുമേനിയുടെ ആത്മീയസന്താനങ്ങളായ നാം, നബിയുടെമേൽ സ്വലാത്ത് ചൊല്ലുക എന്ന കടമ നിറ വേറ്റുന്നവരായിത്തീരുന്നത് ലോകത്തിന്റെ മുക്കിലും മൂലയിലും ആ മഹാത്മാവിന്റെ സന്ദേശമെത്തിക്കുന്നവരും അല്ലാഹു അക്ബറിന്റെ ധ്വനി മുഴക്കുന്നവരുമായിത്തീരുമ്പോഴാണ്. അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)യുടെമേൽ അനു ഗ്രഹാശംസകൾ നേർന്നുകൊണ്ടേയിരിക്കുന്നുണ്ട്. നമ്മുടെ സ്വലാത്തിന്റെ ആശ്രിതനല്ല നബി (സ). ഈ സ്വലാത്ത് നമ്മുടെ മനസ്സിൽ വിപ്ലവം ഉണ്ടാക്കാൻ വേണ്ടിയാണ്. നമ്മുടെ ചിന്താഗതിയെ ശരിയായനിലയിൽ ചലിപ്പിക്കുന്നതിനുവേണ്ടി യാണ്. നബി(സ)യോടുള്ള സ്നേഹപ്രകടനത്തിനുവേണ്ടിയാ ണ്. ഇബ്റാഹീം(അ) ന്റെ മക്കൾക്ക് ത്യാഗങ്ങൾ വരിക്കാമെ ങ്കിൽ, നബി(സ) തിരുമേനിയുടെ ആത്മീയമക്കൾക്കെന്തു കൊണ്ട് ത്യാഗം വരിക്കാൻ കഴിയുന്നില്ല എന്ന് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ്. അതിനേക്കാൾ കൂടുതൽ ത്യാഗം നാം വരിക്കേ ണ്ടതുണ്ട്. കാരണം നമ്മുടെ പ്രവർത്തനരംഗം ലോകം മുഴുവ നുമാണ്. നാം, ലോകത്തിന് മുഴുവനായി നിയോഗിതനായ നബിയെ വിശ്വസിക്കുന്നവരാണ്.

അതിനാൽ, ഈ നബിയുടെ ദാസന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട് നബി(സ)യുടെ ഈ അധ്യാപനത്തെ, തങ്ങ ളിൽമാത്രം നടപ്പാക്കുന്നവരാകാതെ ലോകത്തിനുമുഴുവൻ പറ ഞ്ഞുകൊടുക്കുന്നവരാകുമെന്ന് പ്രതിജ്ഞ ചെയ്തവരാണ്. അതുകൊണ്ട് അവരവരുടെ രാജ്യങ്ങളിൽപോയി ഹദ്റത്ത് ഇബ്റാഹീമിന്റെയും അദ്ദേഹത്തിന്റെ മക്കളുടേയും ത്യാഗങ്ങൾ

മുന്നിൽവച്ചുകൊണ്ട് ത്യാഗങ്ങളിൽ മുന്നോട്ടുകുതിക്കുക. ഏക നായ അല്ലാഹുവിന്റെ സന്ദേശം സ്വന്തം നാട്ടുകാർക്ക് എത്തിച്ചുകൊടുക്കുക. ആദ്യത്തേക്കാൾ കൂടുതൽ ആവേശത്തോടെ അതിന് തയ്യാറാകുക. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ഇൽഹാമിലൂടെ പഠിപ്പിച്ച താഴെ ഉദ്ധരിക്കുന്ന പ്രാർത്ഥനയും ചെയ്യാൻ ഞാൻ പറഞ്ഞിരുന്നു. ആ മഹാത്മാവിന് ബാധിച്ച ഭയാനകമായ രോഗത്തിൽനിന്ന് ഈ പ്രാർത്ഥനയിലൂടെ മോചനം കിട്ടി.

سُبْحَانَ اللّٰهِ وَبِحَمْدِهِ سُبْحَانَ اللّٰهِ
الْعَظِيْمِ. اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّآلِ مُحَمَّدٍ.

***സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വാ ആലി മുഹമ്മദിൻ*** എന്നതായിരുന്നു ആ പ്രാർത്ഥന. ആ ശിഫാ കിട്ടിയതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടായി. അതിന്റെ തർജ്ജമ ഇങ്ങനെയാണ്. നിനക്ക് ശിഫാ നല്കിക്കൊണ്ട് നാം കാണിച്ച ഈ ദൃഷ്ടാന്തത്തിൽ സംശയമുണ്ടെങ്കിൽ നീ ഇതിന് തുല്യമായ മറ്റൊരു ശിഫാ (രോഗശമനം) കൊണ്ടുവരിക. ഈ ഇൽഹാമി ദുആയിലെ ***സുബ്ഹാനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽഅളീം*** എന്ന വാക്കുകൾ ഒരു ഹദീഥിലും വന്നിട്ടുണ്ട്. ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നാവുകൊണ്ട് ഉച്ചരിക്കാൻ പ്രയാസം കുറഞ്ഞതും ത്രാസിൽ ഘനം കൂടിയതും റഹ്മാനായ അല്ലാഹുവിന് ഇഷ്ടപ്പെട്ടതുമായ രണ്ടു വചനമുണ്ട്. അത് ***സുബാഹനല്ലാഹി വബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം*** എന്നാകുന്നു. അതായത് അല്ലാഹുവിന്റെ പരിശുദ്ധിയെയും അവന്റെ മഹത്വത്തെയും ഞാൻ പ്രകീർത്തനം ചെയ്തുകൊള്ളുന്നു. മഹാനായ അല്ലാഹു പരിശുദ്ധനത്രെ. അല്ലാഹുതആല തന്റെ സ്തുതിയേയും മഹത്ത്വ

ത്തേയും നബി(സ)ന്റെ സ്വലാത്തുമായി ചേർത്തുകൊണ്ട് രോഗ ശമനത്തിന് മാർഗ്ഗമാക്കിത്തീർത്ത ഈ ഇൽഹാമീ പ്രാർത്ഥനയും എപ്പോഴും നാം ചെയ്യേണ്ടതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ഇത് പറഞ്ഞിട്ടുണ്ട്. ചില ആലിംകളുടെ ദൃഷ്ടി യിലും, അലാ എന്ന സില നീക്കി, നേരിട്ട് ആലി മുഹമ്മദിൻ എന്നു പറഞ്ഞുകൊണ്ട് ആലെ മുഹമ്മദിനെ നബി(സ) തിരു മേനിയുമായി ചേർത്തു. നബി (സ)മായിട്ടുള്ള ആത്മീയസാ മീപ്യം വിവരിക്കുക എന്നതാണിതിന്റെ ഉദ്ദേശ്യം. ഈ ആത്മീ യമായ സാമീപ്യം, ഏറ്റവുമധികം ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന് അല്ലാഹു നല്കിയിരിക്കുന്നു. ഈ സാമീപ്യത്തിന്റെ അനുഗ്രഹം ഖിയാമത്തുന്നാൾവരെ ഹദ്റത്ത് മസീഹ് മൗഊ ദ്(അ) ന്റെ ജമാഅത്തിൽ തുടരുന്നതാണ്. ഖിലാഫത്ത് വ്യവ സ്ഥിതിയ്ക്ക് വിധേയമായി ഇത് സത്യവിശ്വാസിയുടെ ജമാഅ ത്തിൽ നിലനില്ക്കുന്നതുമാണ്.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا
مِنْ لَّدُنْكَ رَحْمَةً ۚ إِنَّكَ أَنْتَ الْوَهَّابُ (3:9)

***റബ്ബനാ ലാതുസിഗ് ഖുലൂബനാ ബഅ്ദഇദ് ഹദ യ്ത്തനാ വഹബ്ലനാ മിൻല്ലദുൻക റഹ്മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്*** എന്ന ദുആയായിരുന്നു പിന്നീട് പറ ഞ്ഞത്.

അല്ലാഹുവേ, സന്മാർഗ്ഗം നല്കിയതിനുശേഷം ഞങ്ങ ളുടെ മനസ്സുകളെ വളച്ചുകളയരുതേ. നീ നിന്നിൽ നിന്ന് ഞങ്ങൾക്ക് കാരുണ്യം നല്കിയാലും. തീർച്ചയായും നീ തന്നെ യാണ് ഏറ്റവുമധികം നല്കുന്നവൻ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്തമകളായിരുന്ന ഹദ്റത്ത് **നവാബ് മുബാറക്കബീഗം സാഹിബ** ഒരു സ്വപ്നം കണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അവർ സ്വപ്ന ത്തിൽ കണ്ടു. ആ മഹാത്മാവ് താക്കീതുചെയ്തുകൊണ്ട്, ഈ ദുആ അധികമായിച്ചൊല്ലാൻ നിർദ്ദേശിച്ചു. അവർ ഹദ്റത്ത്

ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നെ ഈ സ്വപ്നം കേൾപ്പിച്ചു. ഈ ദുആ ഇനിയൊരിക്കലും താൻ ഉപേക്ഷിക്കുകയില്ലെന്നും അധികമധികമായി അത് ചെയ്യുമെന്നും ആ മഹാത്മാവ് പറഞ്ഞു. ഈമാൻ ദൃഢീകരിക്കുന്നതിനുള്ള അപേക്ഷയാണ് ഇതിലുള്ളത്. അതിനോടൊപ്പം ഖിലാഫത്ത് വ്യവസ്ഥിതിയുമായി ചേർന്നിരിക്കാൻ കഴിയുന്നതിനുള്ള പ്രാർത്ഥനയുമാണ്. നവാബ് മുബാറക്ക ബീഗം സാഹിബ പറയുന്നു: ഞാനെന്റെ ഒരു പരിചാരികയോടും ഈ സ്വപ്നം പറഞ്ഞിരുന്നു. താൻ ഈ ദുആ തീർച്ചയായും ചെയ്യുമെന്ന് അവർ പറഞ്ഞു. ഒരിക്കൽ അവരുടെ ഭർത്താവ് ജമാഅത്തിൽനിന്ന് അകന്നുപോയി. എന്നല്ല, ജമാഅത്ത് ഉപേക്ഷിച്ചു. പക്ഷേ, ഈ പ്രാർത്ഥനയുടെ ഫലമായി ആ പരിചാരിക സുരക്ഷിതയായി ജമാഅത്തിൽ ഉറച്ചുനിന്നു. തന്റെ ഭർത്താവിനെ വിട്ട് മക്കളുമായിട്ട് ഖാദിയാനിൽ വന്നു താമസിച്ചു. അങ്ങനെ കുട്ടികളും ആ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെട്ടു. ഈ ദുആ ഖിലാഫത്തുമായി ചേർന്നിരിക്കുന്നതിനുള്ള പ്രധാനപ്പെട്ട ഒരു പ്രാർത്ഥനയാകുന്നു. വഴിപിഴച്ചുപോകുന്നതിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള പ്രധാനപ്പെട്ട ദുആയാണിത്. ചില ഘട്ടത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകുമ്പോൾ നന്ദി കാണിക്കുന്നതിനു പകരം മനുഷ്യരിൽ വക്രതയുണ്ടായിപ്പോകാറുണ്ട്. **ആർക്കെങ്കിലും നാല് സ്വപ്നം ഉണ്ടായാൽ, താൻ 'വലിയ്യ്' ആയിട്ടുണ്ടെന്ന് അവൻ കരുതുന്നു. ഖിലാഫത്തിന് ബയ്അത്ത് ചെയ്യേണ്ട ആവശ്യം തനിക്കെന്തെന്നു ചോദിക്കുന്നു. ആർക്കെങ്കിലും വിശുദ്ധഖുർആനിലെ ചില വിഷയം മനസ്സിലായാൽ, അഹങ്കാരം അയാളെ വേട്ടയാടുന്നു. നീ വലിയ ആലിമായിരിക്കുന്നുവെന്നും നിന്റെ സ്ഥാനം ഖിലാഫത്തിനു തുല്യമായിട്ടുണ്ടെന്നും അത് അയാളോടു പറയുന്നു.** ചുരുക്കത്തിൽ ശയ്ത്വാൻ പല കോലത്തിലാണ് വരുന്നത്. അവൻ മനസ്സിൽ കുടിയിരിക്കുന്നു. ഇത്തരം ശയ്ത്വാനെ എറിഞ്ഞോടിക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ദുആയാണിത്. ഇത്തരം അഹങ്കാരപ്രവണത നാശത്തിലേക്ക് കൊണ്ടുപോകുന്നു. നാശത്തിന്റെ ഗർത്തത്തിലേക്ക് വലിച്ചെ

റിയുന്നു. ഈ അഹങ്കാരം ഇന്ന് മുസ്‌ലിംകളെ പ്രത്യേകിച്ച് ഉലമാക്കളെ മസീഹ് മഹ്ദിയെ വിശ്വസിക്കുന്നതിൽനിന്നകറ്റിക്കളഞ്ഞിരിക്കുന്നു. അവരെ തടഞ്ഞിരിക്കുന്നു. നേരായ വഴി കണ്ടതിനുശേഷം അതിൽനിന്ന് അകന്നുപോകുന്നവരാണ് ഏറ്റവും വലിയ നിർഭാഗ്യവാന്മാർ. സ്വയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ചേർന്നുനില്ക്കുന്നതിനും, മക്കളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ചേർത്തുനിറുത്തുന്നതിനുമുള്ള വളരെ പ്രധാനപ്പെട്ട ദുആയാണിത്. ഈ പ്രാർത്ഥന ശീലമാക്കിമാറ്റുക.

നിവേദനങ്ങളിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനി ഈ ദുആ സ്ഥിരമായി ചെയ്യാറുണ്ടായിരുന്നു. നബി(സ) നിഷ്ക്കളങ്കനായിരുന്നു. ആ മഹാത്മാവിന്റെ പുതപ്പും വിരിപ്പും അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കലായിരുന്നു. യഥാർത്ഥത്തിൽ ആ മഹാത്മാവ് തന്റെ കർമ്മങ്ങൾകൊണ്ടും നമുക്ക് പറഞ്ഞുതന്നത് മനസ്സിലെ വക്രത അകറ്റുന്നതിന് എപ്പോഴും അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുക എന്നാണ്. അപ്പഴേ നിങ്ങൾ അവന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരുകയുള്ളൂ. അപ്പഴേ നിങ്ങൾ അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുകയുള്ളൂ. അവസാനകാലത്തെ മസീഹിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിക്കുന്നവരാകുകയുമുള്ളൂ.

رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا
وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ (2:251)

***റബ്ബനാ അഫ്‌രിഗ് അലയ്നാ സ്വബ്റൻ വ ഥബ്ബിത് അഖ്ദാമനാ വൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ.*** എന്നൊരു ദുആയും ചെയ്യാൻ പറഞ്ഞിരുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് സഹനം ചൊരിഞ്ഞുതന്നാലും. ഞങ്ങളുടെ ചുവടുകളെ ഉറപ്പിച്ചുനിറുത്തിയാലും. കാഫിർജനതയ്ക്കെതിരെ ഞങ്ങളെ സഹായിച്ചാലും.

സഹനം കിട്ടുന്നതിനും സത്യത്തിൽ ഉറച്ചുനില്ക്കുന്നതിനും ഇതു വളരെ പ്രധാനപ്പെട്ട ദുആയാണ്. 'ഫറഗ' എന്നതിന്റെ അർത്ഥം ചൊരിക്കുക(വെള്ളം) എന്നാണ്. അതായത്, ഞങ്ങൾ പൂർണ്ണമായും സഹനം കൈക്കൊള്ളുന്നവരായിത്തീരുന്നത്ര സഹനം ഞങ്ങൾക്ക് ചൊരിച്ചുതന്നാലും. ഓരോ ബുദ്ധിമുട്ടിലും ഉറച്ചുനില്ക്കാൻ കഴിവ് നല്കിയാലും. മസീഹ് മൗഊദിനെ നിഷേധിക്കുന്നവർ, ആ മഹാത്മാവിനെ വിശ്വസിക്കുന്നവരെ വിഷമിപ്പിക്കുന്നു. എത്രമാത്രം എന്നുവെച്ചാൽ, അല്ലാഹുവിന്റെ അനുഗ്രഹം ഇല്ലെങ്കിൽ, ഈമാൻ സംരക്ഷിക്കുക ദുഷ്ക്കരമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണ് ദുആ പഠിപ്പിച്ചത്, ഞങ്ങൾക്ക് പൂർണ്ണമായ സഹനം നല്കേണമേ. നിന്റെ തൃപ്തിയിൽ മാത്രം കഴിയുന്നവരാക്കി ഞങ്ങളെ മാറ്റേണമേ. ഞങ്ങളുടെ ചുവടുകൾക്ക് ഒരിക്കലും ഇളക്കം തട്ടാൻ അനുവദിക്കരുതേ.

നിഘണ്ടുക്കളിൽ ***ഉൻസ്വുർനാ*** എന്നതിന്, അവൻ മർദ്ദിതരെ സഹായിച്ചു, അവരെ ആ ബുദ്ധിമുട്ടിൽനിന്ന് രക്ഷിച്ചുവെന്നും അർത്ഥം കൊടുത്തിരിക്കുന്നു. അതുകൊണ്ട് നീ ഞങ്ങളെ പൂർണ്ണമായും സഹിക്കുന്നവരാക്കിമാറ്റേണമേ, നിന്റെ ദീനിന്റെ വഴിയിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഞങ്ങൾക്കുണ്ടായാൽ ഞങ്ങൾ അക്ഷമരാകാൻ പാടില്ല. നിന്റെ റസൂലിന്റെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽ ഞങ്ങൾ ചേർന്നിരിക്കുന്നു. അതിനുശേഷം ഖിലാഫത്തിനെ അനുസരിച്ചു. അതിനാൽ, പരിപൂർണ്ണരായ ആളുകളുടെ മാതൃക കാഴ്ചവയ്ക്കാൻ ഞങ്ങൾക്ക് തൗഫീഖ് നല്കേണമേ. പക്ഷേ, അല്ലാഹുവേ, നിന്റെ സഹായത്തിന്റെ ദൃശ്യം ഞങ്ങൾക്ക് കാണിച്ചുതന്നാലും. എതിരാളികളിൽ നിന്ന് എത്രയും വേഗം ഞങ്ങൾക്ക് മോചനം നല്കിയാലും.

ജൂബിലിവർഷത്തെ പ്രാർത്ഥനാനിർഭരം സ്വാഗതം ചെയ്യാനായി പറഞ്ഞ മറ്റൊരു ദുആ

اَللّٰهُمَّ اِنَّا نَجْعَلُكَ فِيْ نُحُوْرِهِمْ وَنَعُوْذُبِكَ مِنْ شُرُوْرِهِمْ.

***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം*** എന്നതായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂബുർദ ബിൻ അബ്ദുല്ലാഹ് തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. നബി(സ)ക്ക് ഏതെങ്കിലും ജനതയിൽനിന്ന് എന്തെങ്കിലും അപകടം ഉണ്ടാകുമെന്ന് തോന്നിയാൽ, ഈ ദുആ ചെയ്യുമായിരുന്നു. ***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം***. അല്ലാഹുവേ, ഞങ്ങൾ നിന്നെ അവരുടെ നെഞ്ചകങ്ങളിലിടുന്നു. അവരുടെ ഉപദ്രവങ്ങളിൽനിന്ന് നിന്നോടു അഭയം തേടുകയും ചെയ്യുന്നു. ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ (റ) ഒരിക്കൽ ദുആ ചെയ്യാൻ പറഞ്ഞിരുന്നു. വർഗ്ഗീയമായ നിലയിൽ എന്തെങ്കിലും കുഴപ്പം കാണുമ്പോഴായിരുന്നു നബി (സ) ഈ ദുആ ചെയ്യാറുണ്ടായിരുന്നത്. ഏതെങ്കിലും ജനവിഭാഗത്തിൽനിന്ന് അപകടം ഉണ്ടാകുമെന്നുള്ള ശങ്കയുണ്ടായാൽ, ഇസ്ലാമിന്നെതിരിൽ ജനങ്ങൾ സംഘടിച്ചാൽ, നബി (സ) ഈ ദുആ ചെയ്യാറുണ്ടായിരുന്നുവെന്ന് പല നിവേദനങ്ങളിലും വന്നിട്ടുണ്ട്. ***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദുബിക്ക മിൻ ശുറൂരിഹിം***. ഈ ദുആ നബി(സ) തിരുമേനിയുടെ പതിവിൽപ്പെട്ടതാണ്. ജനങ്ങൾ ഒറ്റക്കെട്ടായി സംഘടിച്ചുകൊണ്ട് ഇസ്ലാമിനെ ആക്രമിക്കാൻ വന്ന അവസരത്തിലുള്ള ദുആയാണിത്. നമ്മുടെ അവസ്ഥയും ഇപ്പോൾ അങ്ങനെയാണ്. സകല ജനവിഭാഗങ്ങളും ചില രാജ്യങ്ങളിലെ ഭരണകൂടങ്ങൾപോലും സംഘടിച്ചുകൊണ്ട് ജമാഅത്തിനെ ക്ഷയിപ്പിക്കാൻ നോക്കുന്നു. അതുകൊണ്ട് ഈ ദുആ ധാരാളമായി ചെയ്യേണ്ടതാണ്. ചിലപ്പോൾ ചില ഭരണകൂടങ്ങളുമായി മുല്ലമാർ പങ്കുചേരുന്നു. ചിലതാണെങ്കിൽ ഇസ്ലാമിക രാജ്യവുമല്ല. അവിടെയും ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതുകൊണ്ട് അധികമായി ദുആ ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാ ഉപദ്രവങ്ങളിൽനിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. ശത്രുവിന്റെ ആക്രമണങ്ങളും രണ്ടുതരത്തിലാ

ണുണ്ടാകുന്നത്. ഈ ദുആയിൽ രണ്ടുതരത്തിലുള്ള ആക്രമണത്തെക്കുറിച്ചും പറയപ്പെട്ടിരിക്കുന്നു. ഒന്ന് നേരിട്ടുള്ള ആക്രമണം. രണ്ട് ഒളിഞ്ഞുള്ള ആക്രമണം. നേരിട്ടുള്ള ആക്രമണം നെഞ്ചിലും മാറിടത്തിലുമാണുണ്ടാകുന്നത്. ഈ ദുആയിൽ രണ്ടുകാര്യങ്ങളും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ***നജ്അലുക്ക ഫീ നുഹൂരിഹിം*** നേരിട്ടുള്ള ആക്രമണത്തെക്കുറിച്ചാണ്. നെഞ്ചിന്റെ മേൽ ഭാഗത്തിനാണ് ***നഹ്ർ*** എന്നുപറയുന്നത്. ഈ ദുആയിൽ അല്ലാഹുവിൽനിന്ന് ആദ്യം സഹായം തേടുന്നത്, നേരിട്ടുള്ള ശത്രുവിന്റെ ആക്രമണത്തിൽനിന്നാണ്. രണ്ടാമത്തെ പരിധിയിൽ, ഉപദ്രവകാരികളുടെ ഉപദ്രവങ്ങൾ മൂലമുണ്ടാകുന്ന ആക്രമണത്തിൽനിന്നാണ് സഹായം തേടുന്നത്. അവർ പലവിധ പദ്ധതിയും ഗൂഢമായി ആസൂത്രണം ചെയ്യുന്നു. ജമാഅത്തിനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. ജമാഅത്തിലെ അംഗങ്ങൾക്ക് നഷ്ടം വരുത്താൻ ശ്രമിക്കുന്നു. അതുകൊണ്ട് എല്ലാത്തരം ആക്രമണങ്ങളിൽനിന്നും ശത്രു നേരിട്ടുനിന്നോ അല്ലെങ്കിൽ പിമ്പുറം നിന്നോ ചെയ്യുന്ന എല്ലാത്തരം ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടാനായി ഈ ദുആ ചെയ്യേണ്ടതാണ്. കാരണം അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നത് മാത്രമെ നമ്മെ ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് രക്ഷിക്കുകയുള്ളൂ. നമ്മുടെ കൈയിലൊരു ശക്തിയുമില്ല. അതുകൊണ്ട് ഇക്കാലത്ത് മസീഹ് മഹ്ദിയുടെ ജമാഅത്തിന്റെ കൈയിൽ ദുആയുടെ വഴിയേയുള്ളൂ. ദുആയുടെ ആയുധം നമുക്ക് നല്കപ്പെട്ടിരിക്കുന്നു. ഇതുപയോഗിച്ചുകൊണ്ട് ശത്രുക്കളിൽനിന്ന് രക്ഷപ്പെടണം. ശയ്ത്വാന്റെ എല്ലാ ആക്രമണങ്ങളേയും നേരിടാനും അവനിൽനിന്നും രക്ഷപ്പെടാനും ഇതുകൊണ്ട് കഴിയും. അതുകൊണ്ട് ഈ ഭാഗത്തേക്ക് അധികമായി ശ്രദ്ധിക്കുക. അധികമധികമായി ദുആ ചെയ്യുക.

ഇസ്തിഗ്ഫാർ ചെയ്യാൻ പറഞ്ഞുകൊണ്ട് ഞാനൊരു ദുആ നിർദ്ദേശിച്ചിരുന്നു.

اَسْتَغْفِرُاللّٰهَ رَبِّى مِنْ كُلِّ ذَنْبٍ وَّ اَتُوْبُ اِلَيْهِ.

***അസ്തിഗ്ഫിറുല്ലാഹ റബ്ബി മിൻകുല്ലി ദൻബിൻ വഅ തൂബു ഇലയ്ഹി.***

പാപങ്ങളിൽനിന്നെല്ലാം ഞാൻ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു. അവൻ എന്റെ രക്ഷിതാവാണ്. പശ്ചാത്തപിച്ചുകൊണ്ട് അവനിലേക്ക് ഞാൻ മടങ്ങുന്നു. ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്തിഗ്ഫാറി'ന്റെ യഥാർത്ഥമായ അർത്ഥം, 'മാനുഷികമായ ബലഹീനത വെളിപ്പെടുത്തരുതേ' എന്ന് അല്ലാഹുവിനോട് കേണപേക്ഷിക്കുക, പ്രകൃതിദത്തമായ അവസ്ഥയ്ക്ക് അല്ലാഹു താങ്ങു നല്കുക, തന്റെ സഹായവൃത്തത്തിനുള്ളിലേക്ക് എടുക്കുക എന്നൊക്കെയാണ്. 'ഗഫറ' എന്ന പദത്തിൽ നിന്ന് നിഷ്പന്നമാണ് ഈ പദം. മൂടുന്നതിനാണ് ***ഗഫറ*** എന്നു പറയുന്നത്. ഇതിന്റെ അർത്ഥം അല്ലാഹു തന്റെ ശക്തികൊണ്ട് മാനുഷികമായ ബലഹീനതയെ മൂടിവയ്ക്കുന്നു എന്നാണ്."

എന്നാൽ, സാധാരണക്കാർക്കായി ഇതിന്റെ അർത്ഥം വീണ്ടും വിശാലമാക്കിയിരിക്കുന്നു. ചെയ്തുപോയ പാപം അല്ലാഹു മൂടിവയ്ക്കുക എന്നാണെങ്കിലും യഥാർത്ഥമായ അർത്ഥം, അല്ലാഹു തന്റെ ശക്തികൊണ്ട്, പാപപൊറുതി തേടുന്നവനെ (മുസ്തഗ്ഫിർ) സ്വതവേയുള്ള ബലഹീനതയിൽനിന്ന് രക്ഷിക്കുക. തന്റെ കഴിവിൽനിന്ന് കഴിവ് നല്കുക. തന്റെ അറിവിൽനിന്ന് അറിവ് നല്കുക. തന്റെ വെളിച്ചത്തിൽ നിന്ന് വെളിച്ചം നല്കുക. കാരണം അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം അവനിൽനിന്ന് വേറിട്ടുപോയിട്ടില്ല. മറിച്ച്, അവൻ മനുഷ്യന്റെ സ്രഷ്ടാവും അവന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ ശക്തിയും ഉണ്ടാക്കുന്നവനാണെന്നതുപോലെ, അവൻ മനുഷ്യനെ നിലനിറുത്തുന്നവനു(ഖയ്യൂം)മാണ്. അതായത്, എന്തൊന്ന് സൃഷ്ടിച്ചുവോ തന്റെ പ്രത്യേക സഹായംകൊണ്ട് അതിനെ കാത്തു സൂക്ഷിക്കുന്നവനുമാണ്. അല്ലാഹുവിന്റെ നാമം ഖയ്യൂം എന്നാകുമ്പോൾ അതായത്, തന്റെ സഹായത്താൽ സൃഷ്ടികളെ നിലനിറുത്തുന്നവൻ, അതുകൊണ്ട് മനുഷ്യൻ, അല്ലാഹുവിന്റെ സൃഷ്ടിപ്പു

മുഖേന ജന്മംകൊണ്ടതുപോലെ തന്റെ ജന്മത്തിന്റെ ചിത്രത്തെ വികലമാക്കുന്നതിൽനിന്ന് അല്ലാഹുവിന്റെ 'ഖയ്യൂമിയ്യത്തു' മുഖേന സംരക്ഷിക്കുക. മനുഷ്യന് ഇത് സ്വാഭാവികമായൊരു ആവശ്യമായിരുന്നു. അതിനാണ് 'ഇസ്തിഗ്ഫാർ' ചെയ്യാൻ പറഞ്ഞത്. അതിലേക്കാണ് വിശുദ്ധഖുർആൻ പറഞ്ഞത് ***അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽഖയ്യൂം*** അവൻ സ്രഷ്ടാവുമാണ്. എല്ലാത്തിനേയും നിലനിറുത്തുന്നവനുമാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതോടെ സൃഷ്ടിപ്പിന്റെ ജോലി പൂർത്തിയായി. എന്നാൽ, ഖയ്യൂമിയ്യത്തിന്റെ പ്രവൃത്തി എന്നെന്നേക്കുമായിട്ടാണ്. അതുകൊണ്ട് നിരന്തരം ഇസ്തിഗ്ഫാർ ചെയ്യേണ്ട ആവശ്യമുണ്ടായി. ചുരുക്കത്തിൽ അല്ലാഹുവിന്റെ ഓരോ വിശേഷഗുണത്തിനും ഒരോ അനുഗ്രഹമുണ്ട്. ഖയ്യൂമിയ്യത്ത് എന്ന വിശേഷഗുണത്തിന്റെ അനുഗ്രഹം കരസ്ഥമാക്കാനാണ് ഇസ്തിഗ്ഫാർ. അതിലേക്കാണ് ഫാത്തിഹ അധ്യായത്തിൽ ഈ സൂചനയുള്ളത്. ***ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഈൻ***. ഞാൻ നിന്നെമാത്രം ആരാധിക്കുന്നു. നിന്റെ ഖയ്യൂമിയ്യത്തും നിന്റെ റുബൂബിയ്യത്തും മുഖേന ഞങ്ങൾക്ക് സഹായമുണ്ടാകാൻ ഞങ്ങൾ സഹായം ചോദിക്കുകയും ചെയ്യുന്നു. ഞങ്ങളെ ചതികളിൽനിന്ന് രക്ഷിച്ചാലും. ബലഹീനത വെളിപ്പെട്ട് നിന്നെ ആരാധിക്കാൻ പറ്റാത്ത ഒരവസ്ഥ ഉണ്ടാകരുതേ.

ശയ്ത്വാന്റെ ആക്രമണം ഓരോ ചുവടിലും ഉണ്ടായിക്കൊണ്ടിരിക്കും. അതിൽനിന്ന് രക്ഷപ്പെടാൻ ഇസ്തിഗ്ഫാർ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനയാണ്. ഓരോ ചുവടിലും ശയ്ത്വാൻ എഴുന്നേറ്റുനില്ക്കുന്നു. അവനെ വധിക്കാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ. അതായത്, അല്ലാഹുവിനോട് ശക്തിതേടുക. അല്ലാഹുവിൽനിന്ന് ശക്തി തേടാനുള്ള രീതി അല്ലാഹുതന്നെ നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. ഇസ്തിഗ്ഫാർ ചെയ്യുക എന്നതാണത്. അത് വരാൻപോകുന്ന ശയ്ത്വാനിക ആക്രമണങ്ങളിൽനിന്നും അഭയം നല്കും. ചെയ്തുപോയ പാപങ്ങളിൽനിന്നും ശുദ്ധീകരിക്കും. മാനുഷികമായ ബലഹീനതകളിൽനിന്ന് രക്ഷി

ക്കും. ശയ്ത്വാനെ നേരിടാൻ ശക്തി പ്രദാനം ചെയ്യും. അവന്റെ മുമ്പിൽ കുമ്പിടുകയും അവനോട് ദുആ ചെയ്യുകയും ആരാധനാകർമ്മങ്ങളനുഷ്ഠിക്കുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ചെയ്യുന്നവരെ തന്റെ ഖയ്യൂമിയ്യത്ത് എന്ന വിശേഷഗുണത്തിൽ പൊതിയുകയും അവരോടൊപ്പം എപ്പോഴും നില്ക്കുകയും ചെയ്യും. അവരെ എല്ലാ തിന്മയിൽനിന്നും രക്ഷിക്കും."

അതിനാൽ, ഖിലാഫത്തിന്റെ രൂപത്തിൽ അല്ലാഹു ഇറക്കിയിട്ടുള്ള അവന്റെ ഈ സമ്മാനത്തെ എന്നെന്നും നിലനിറുത്തുന്നതിനുവേണ്ടി നിരന്തരം **ഇസ്തിഗ്ഫാർ**- പാപപ്പൊറുതി തേടിക്കൊണ്ടിരിക്കുക. സശ്രദ്ധം അല്ലാഹുവിനോട് ദുആ ഇരന്നുകൊണ്ടിരിക്കുക. ഇത് വളരെ അത്യാവശ്യമാണ്. നമ്മുടെ തലമുറകളിൽ ഖിയാമത്തുനാൾവരെ ഈ അനുഗ്രഹം നിലനില്ക്കുന്നതിനുവേണ്ടിയാണിത്.

അല്ലാഹു ഓരോ അഹ്മദിക്കും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദ്ദേശ്യലക്ഷ്യത്തെ പൂർത്തിയാക്കുന്നതിനും, അല്ലാഹു ആ മഹാത്മാവ് മുഖേന നമ്മളിൽ നടപ്പിൽ വരുത്തിയ ഖിലാഫത്തിൽനിന്ന് അനുഗ്രഹം നേടുന്നതിനും പ്രാർത്ഥനയോടും, അതായത് അല്ലാഹുവിന്റെ സ്നേഹത്തെ ആകർഷിച്ചെടുക്കുംവിധമുള്ള പ്രാർത്ഥനയോടും, അർശിന്റെ കാലുകളെ പിടിച്ചുകുലുക്കുംവിധമുള്ള പ്രാർത്ഥനയോടും, മരിച്ച ഹൃദയങ്ങളിൽ ജീവനിടുംവിധമുള്ള പ്രാർത്ഥനയോടും കൂടി ഖിലാഫത്തിന്റെ ഈ നൂറ്റാണ്ടിനോടു വിടപറയുക. പ്രാർത്ഥനയോടുകൂടിത്തന്നെ ഖിലാഫത്തിന്റെ നവയുഗത്തെ സ്വാഗതവും ചെയ്യുക. ഇങ്ങനെ ഈ നൂറ്റാണ്ടിനോട്, ദുആയോടും, പരിശുദ്ധമാറ്റം വരുത്തിക്കൊണ്ടും വിടപറയുകയും, പുതിയ നൂറ്റാണ്ടിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ ***കതബല്ലാഹു ലഅഗലിബന്ന അനാ വ റുസുലീ*** (നിശ്ചയമായും ഞാനും എന്റെ റസൂൽമാരും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു) എന്ന വാഗ്ദാനം നിങ്ങളുടെ ജീവിതത്തിൽ മുമ്പത്തേക്കാൾ കൂടുതൽ പ്രൗഢിയോടുകൂടി പൂർത്തിയാകുന്നതായികാണും.

മുഹമ്മദീ മസീഹിന്റെ പ്രിയപ്പെട്ട ജനസാകല്യമേ, ഇന്ന് ആ മസീഹ് നിങ്ങളെ ഏല്പിച്ചിരിക്കുന്ന അമാനത്തിനെ, അതെ, സത്യവിശ്വാസികളോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിൽനിന്ന് ഫലമെടുക്കാനായി ഈ അമാനത്തിനെ കാത്തുരക്ഷിക്കുക. നിങ്ങളുടെ കർമ്മംകൊണ്ടും നിങ്ങളുടെ ദുആകൊണ്ടും അതിനെ രക്ഷിക്കുക. നിങ്ങളുടെ ദുആയോടുകൂടി ഈ അനുഗ്രഹത്തെ പുതിയ നൂറ്റാണ്ടിൽ പ്രവേശിപ്പിക്കുക. നിങ്ങളുടെ പൂർവ്വപിതാക്കന്മാർ ചെയ്ത ആ ത്യാഗങ്ങൾ കാരണത്താൽ, നിങ്ങൾ ചെയ്ത ത്യാഗങ്ങൾ കാരണത്താൽ അതിൽ പുതിയ പുതിയ ഫലങ്ങൾ പിടിച്ചുകൊണ്ടുപോകാനാണിത്. നിങ്ങളിലെ മുതിർന്നവർ വിതച്ചതിന്റെ ഫലം നിങ്ങൾ തിന്നുന്നു. ഇനി, അടുത്ത ഖിലാഫത്തിന്റെ നൂറ്റാണ്ടിൽ നിങ്ങളുടെ തലമുറക്ക് മധുരമുള്ള ഫലം കൊടുക്കുന്നതിനായി ഫലഭൂയിഷ്ഠമായ വയലുകൾ നിങ്ങൾ തയ്യാറാക്കുകയും ദുആകൊണ്ട് അതിന് വെള്ളം കോരുകയും ചെയ്യുക. ഇതാണ് ഖിലാഫത്തിന്റെ ഈ നൂറ്റാണ്ടിനോട് വിടപറയാനും അടുത്ത നൂറ്റാണ്ടിനെ സ്വാഗതം ചെയ്യാനുമുള്ള നല്ലവഴി.

ഇല്ലെങ്കിൽ അമാനത്തുകളെ സംരക്ഷിക്കുന്ന സത്യവിശ്വാസികളിൽ നിങ്ങൾ പെടുകയില്ല. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ ഉടമ്പടികൾ പാലിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

# അന്ധകാരവും പ്രകാശവും ഒരിടത്തൊരുമിക്കുകയില്ല

**വാ**ഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: "ബാഹ്യമായ നിലയിലാണ് '**ബയ്അത്ത്**' ചെയ്തിരിക്കുന്നതെന്ന് നിങ്ങളാരും കരുതേണ്ട. ബാഹ്യം നിസ്സാരമത്രെ. അല്ലാഹു ഹൃദയത്തെയാണ് നോക്കുന്നത്. അതിന്നനുസരിച്ചാണ് അവൻ നിങ്ങളോട് പെരുമാറുക. ഞാനിതാ ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ട് എന്റെ പ്രബോധനധർമ്മം നിർവ്വഹിച്ചുകൊള്ളുന്നു: പാപം ഒരു വിഷമാണ്. അത് നിങ്ങൾ തിന്നരുത്. അല്ലാഹുവിനോടുള്ള അനുസരണക്കേട് നിന്ദ്യമായ ഒരു മരണമാണ്. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. നിങ്ങൾക്ക് ശക്തി ലഭിക്കുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അല്ലാഹു എല്ലാ കാര്യങ്ങളിലും സർവ്വശക്തനാണെന്ന് വിശ്വസിച്ചുകൊണ്ട് ആർ പ്രാർത്ഥിക്കുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ കളവും വഞ്ചനയും ഉപേക്ഷിക്കുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ ഭൗതികസുഖങ്ങളിൽ ആമഗ്നനായിരിക്കുകയും പരലോകത്തേക്ക് കണ്ണുയർത്തി നോക്കുകപോലും ചെയ്യാതിരിക്കുകയും ചെയ്യുന്നുവോ അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ആർ എല്ലാ തിന്മകളിൽനിന്നും എല്ലാ ദുഷ്കർമ്മങ്ങളിൽനിന്നും അതായത് മദ്യപാനം, ചൂതുകളി, ദുർന്നോട്ടം, വിശ്വസിച്ചവരെ ചതിക്കൽ, കൈക്കൂലി തുടങ്ങിയ എല്ലാതരം നിരോധിക്കപ്പെട്ട കാര്യങ്ങളിൽനിന്നും പശ്ചാത്തപിച്ച് പിന്മടങ്ങുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ പ്രാർത്ഥനാനിരതനായിരിക്കുകയും അല്ലാഹുവിനെ ഭക്തിപൂർവ്വം ഓർത്തുകൊണ്ടിരിക്കുകയും ചെയ്യുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ആർ തന്റെമേൽ ദുസ്വാധീനം ചെലുത്തുന്ന ചീത്ത കൂട്ടുകാരെ ഉപേക്ഷിക്കുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ തന്റെ മാതാപിതാക്കളെ ആദരപൂർവ്വം വീക്ഷിക്കു

ന്നില്ലയോ, ഖുർആന് എതിരായല്ലാത്ത അവരുടെ ആജ്ഞകളെ അനുസരിക്കാതിരിക്കുകയും അവർക്ക് പരിസേവനം ചെയ്യുന്നതിൽ അശ്രദ്ധരായിരിക്കുകയും ചെയ്യുന്നുവോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ തന്റെ കുടുംബത്തോടും അവരുടെ ഉറ്റവരോടും സൗമ്യമായും പരോപകാരപരമായും പെരുമാറുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ തന്റെ അയൽക്കാരനെ അതിനിസ്സാരമായ നന്മയിൽനിന്നുപോലും അകറ്റിക്കളയുന്നുവോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ പാപിയായിരിക്കെ തന്റെ കുറ്റങ്ങൾ പൊറുത്തുകിട്ടുന്നതിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ഭാര്യയെ വഞ്ചനാപരമായി സമീപിക്കുന്ന ഭർത്താവും ഭർത്താവിനെ വഞ്ചനാപരമായി സമീപിക്കുന്ന ഭാര്യയും എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ ബയ്അത്തിന്റെ അവസരത്തിൽ താൻ ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു വശത്തെ ലംഘിക്കുന്നുവോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ എന്നെ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹും മഹ്ദിയുമായി യഥാർത്ഥത്തിൽ സ്വീകരിക്കുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ എല്ലാ കാര്യങ്ങളിലും എന്നെ അനുസരിക്കാൻ തയ്യാറാകുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. ആർ ശത്രുക്കളുടെ സംഘങ്ങളിൽ ചെന്നിരിക്കുകയും അവരുടെ താളത്തിനൊത്ത് മൂളുകയും ചെയ്യുന്നുവോ അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. വ്യഭിചാരിയും, ആജ്ഞാലംഘകനും, മദ്യപനും, കൊലയാളിയും, കള്ളനും, തട്ടിപ്പറിക്കാരനും, അക്രമിയും, കള്ളം പറയുന്നവനും, കള്ളരേഖയുണ്ടാക്കുന്നവനും, അവന്റെ കൂട്ടുകാരനും, തന്റെ സഹോദര സഹോദരിമാരെക്കുറിച്ച് ദൂഷണം പറഞ്ഞുകൊണ്ടിരിക്കുന്നവനും തന്റെ ദോഷപ്രവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് പിന്മാറാതിരിക്കുകയും ദുഷ്ടസദസ്സുകളെ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവനും എന്റെ ജമാഅത്തിൽ പെട്ടവനല്ല. ഇവയെല്ലാം വിഷമാണ്. ഈ വിഷം തിന്നിട്ട് നിങ്ങൾക്കൊരിക്കലും രക്ഷപ്പെടുവാൻ സാധിക്കുകയില്ല. അന്ധകാരവും പ്രകാശവും ഒരിടത്ത് ഒരുമിക്കുകയില്ല" (കിശ്ത്തിനൂഹ്).

# ധിറുതിപ്പെടരുത്

“**അ**ല്ലയോ മുസ്‌ലിം പണ്ഡിതന്മാരെ, എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധിറുതിപ്പെടരുത്. ധിറുതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാവാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്നമാത്രയിൽ ഒരു കാര്യവും തള്ളിക്കളയുവാൻ നിങ്ങൾ മുതിരരുത്; അതല്ല സാത്ത്വികരുടെ മാർഗ്ഗം. തെറ്റുകുറ്റങ്ങളൊന്നും നിങ്ങളിൽ അവശേഷിച്ചിട്ടില്ലെന്നാണെങ്കിൽ, ചില ഹദീഥുകളെ അവയുടെ അർത്ഥത്തിന് യോജിക്കാത്തവിധം നിങ്ങൾ വ്യാഖ്യാനിച്ചിരുന്നില്ലെങ്കിൽ, നിങ്ങളിൽ നീതിമാനായ വിധികർത്താവായി മസീഹ് അവതരിക്കുന്നത് നിഷ്പ്രയോജനമാകുമായിരുന്നു. ഈ അവതാരവുമായി നിങ്ങൾ ബന്ധപ്പെടുത്തുന്ന കൃത്യനിർവ്വഹണം, അതായത് അദ്ദേഹം മഹ്ദിയുമായി കൂട്ടുചേർന്നുകൊണ്ട് സകലരേയും ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുവാനായി വാളെടുത്ത് യുദ്ധം ചെയ്യുമെന്ന വിശ്വാസം ഇസ്‌ലാമിന് അപമാനകരമായ ഒരു വിശ്വാസം മാത്രമാകുന്നു. ശക്തി പ്രയോഗിച്ച് മതം പരത്താനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എവിടെയാണ് എഴുതപ്പെട്ടിരിക്കുന്നത്. നേരെമറിച്ച്, ആ വിശുദ്ധഗ്രന്ഥത്തിൽ ‘***ലാ ഇക്റാഹ ഫിദ്ദീനി***’ എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതായി നാം കാണുന്നു. അതായത് ‘മതത്തിൽ യാതൊരു നിർബന്ധത്തിനും സ്ഥാനമില്ലാ’യെന്ന്. എന്നിരിക്കെ, ജനങ്ങളെ ഇസ്‌ലാംമതം സ്വീകരിക്കാൻ ശക്തി പ്രയോഗിക്കുന്നതിന് ഇബ്നു മർയമിന് എന്താണധികാരം?” (ഹദ്റത്ത് അഹ്മദ്(അ), കിശ്‌ത്തിനൂഹ്)

# ജീവാമൃതം

"**എ**ന്റെ കൈയിൽനിന്ന് എനിക്ക് നല്കപ്പെട്ട ഈ പീയൂഷം ആർ പാനം ചെയ്യുന്നുവോ അവനൊരിക്കലും മരിക്കുകയില്ല. ഞാൻ പറയുന്ന ഈ ജീവദായകമായ കാര്യങ്ങളോടും എന്റെ മുഖത്തുനിന്ന് പുറപ്പെടുന്ന ധർമ്മോക്തികളോടും കിടപിടിക്കുന്ന വാക്കുകൾ മറ്റാർക്കെങ്കിലും പറയുവാൻ സാധിക്കുമെങ്കിൽ ഞാൻ അല്ലാഹുവിൽനിന്ന് വന്നവനല്ലെന്ന് നിങ്ങൾ കരുതിക്കൊള്ളുവിൻ. എന്നാൽ, ശവപ്രായമായ ആത്മാക്കൾക്ക് ജീവാമൃതമായിരിക്കുന്ന ഈ ധർമ്മോക്തികളും ദിവ്യജ്ഞാനങ്ങളും നിങ്ങൾക്ക് മറ്റൊരിടത്തുനിന്നും കിട്ടുമാറില്ലെങ്കിൽ, സ്വർഗ്ഗത്തുനിന്ന് തുറന്നുകിട്ടിയ ഈ അമൃതധാരയെ നിഷേധിച്ചുകളഞ്ഞ കുറ്റത്തിന്നെതിരിൽ യാതൊരു പ്രത്യുക്തിയും നിങ്ങൾക്ക് പറയാനുണ്ടായിരിക്കുകയില്ല" (ഹദ്റത്ത് അഹ്മദ്(അ), ഇസാലയെ ഔഹാം).